# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഓഗസ്റ്റ് 21 | ദീപം 58 | നാളം 24 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





## പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണവും ജറുസലേമിലെ കല്ലറയും എഫേസോസിലെ വീടും...

പേജ് – 3

ദമാസ്കസിൽനിന്നുള്ള വിശുദ്ധ ജോൺ (755) പറയുന്നത്, 'മറിയത്തിന്റെ ശരീരം സാധാരണരീതിയിൽ അടക്കിയെങ്കിലും അവളുടെ ശരീരം അവിടെ ആയിരിക്കുന്നതിനോ അഴുകുന്നതിനോ ഇടയായില്ല, അവൾ സ്വർഗീയഭവനത്തിലേക്ക് എടുക്കപ്പെട്ടു' എന്നാണ്.







ഫാ.ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ



## ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ

പേജ് – 2

സ്വാതന്ത്ര്യസമരസേനാനികൾ വളരെ ഗൗരവപൂർവം സ്വപ്നം കണ്ടിരുന്ന, നോക്കിക്കണ്ടിരുന്ന ഭൂതകാലഇന്ത്യയല്ല ഇന്നത്തെ ഇന്ത്യ. ജനാധിപത്യപെരുമാറ്റച്ചട്ടങ്ങൾ, സ്ഥാപനങ്ങൾ, മൂല്യങ്ങൾ തുടങ്ങിയവയൊക്കെ പരസ്യമായിത്തന്നെ ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു! ഒരുപാടിടങ്ങളിൽ ഒരുപക്ഷേ നാംപോലും അറിയാതെ നമ്മുടെ ശിരസ്സുകൾ കുനിഞ്ഞുകൊണ്ടേയിരിക്കുന്നു.

പ്രൊഫ. റോണി കെ ബേബി



ഫാ.ഡോ. സെബാസ്റ്റ്യൻ
കുറ്റിയാനിക്കൽ



# പരിശുദ്ധിയുടെ പരിമളസൂനം

## പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണവും ജറുസലേമിലെ കല്ലറയും എഫേസോസിലെ വീടും

പരിശുദ്ധകന്യാമറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ച് സഭയുടെ ഔദ്യോഗികപ്രഖ്യാപനം കാണുന്നത് 1950 നവംബർ ഒന്നിന് പന്ത്രണ്ടാം പീയൂസ് മാർപാപ്പാ പുറപ്പെടുവിച്ച മുനിഫിചെന്തിമൂസ് ദൈവവൂസ് (ഏറ്റവും ദയാനിധിയായ ദൈവം) എന്ന അപ്പസ്തോലികപ്രമാണത്തിലാണ്.

1950ലെ ജൂബിലിയോടനുബന്ധിച്ച് റോമിൽ പത്രോസിന്റെ ദൈവാലയമുറ്റത്ത് ഒന്നിച്ചുകൂടിയിരുന്ന അഞ്ചുലക്ഷത്തോളം വരുന്ന ജനത്തിനു മുമ്പിൽനിന്ന് മാർപാപ്പാ പരിശുദ്ധകന്യാമറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചു. "അമലോദ്ഭവദൈവമാതാവ്, നിത്യകന്യകയായ മറിയം, അവളുടെ ഭൗമികജീവിതം പൂർത്തിയാക്കിയതിനുശേഷം ആത്മശരീരങ്ങളോടുകൂടി സ്വർഗീയമഹത്ത്വത്തിലേക്ക് എടുക്കപ്പെട്ടു." ഈ അപ്പസ്തോലികപ്രമാണത്തിലെ വാക്കുകളിൽ പരിശുദ്ധമറിയത്തെ സംബന്ധിച്ച് കത്തോലിക്കാസഭയുടെ മറ്റു മൂന്നു വിശ്വാസസത്യങ്ങളും ഉൾക്കൊണ്ടിരിക്കുന്നുവെന്നതും ശ്രദ്ധേയമാണ്. മറിയം അമലോദ്ഭവയാണ് (ഒമ്പതാംപീയൂസ് മാർപാപ്പാ, 1854 ഡിസംബർ എട്ട്), മറിയം ദൈവമാതാവാണ് (431 ലെ എഫേസൂസ് സാർവത്രിക സൂനഹദോസ്) എന്നിവയാണ് മറിയത്തെ സംബന്ധിച്ചുള്ള മറ്റു വിശ്വാസസത്യങ്ങൾ.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 966 ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു: "അമലോദ്ഭവയായ കന്യക, ഉദ്ഭവപാപത്തിന്റെ എല്ലാ കറകളിൽനിന്നും മോചിതയായവൾ, അവളുടെ ഭൗമികജീവിതം അവസാനിച്ചപ്പോൾ, ആത്മശരീരങ്ങളോടെ സ്വർഗീയമഹത്ത്വത്തിലേക്കെടുക്കപ്പെടുകയും സകലത്തിന്റെയും രാജ്ഞിയായി ദൈവത്താൽ ഉയർത്തപ്പെടുകയും ചെയ്തു. അങ്ങനെ അവൾ തന്റെ പുത്രനും നാഥന്മാരുടെ നാഥനും മരണത്തെയും പാപത്തെയും വിജയിച്ചവനുമായവനോട് കൂടുതൽ പൂർണമായി താദാത്മ്യപ്പെടുകയും ചെയ്തു. പരിശുദ്ധ കന്യകയുടെ സ്വർഗാരോപണം, അവളുടെ പുത്രന്റെ ഉത്ഥാനത്തിലുള്ള അനന്യമായ പങ്കുചേരലും, എല്ലാ വിശ്വാസികളും പങ്കുചേരാനുള്ള പുനരുത്ഥാനത്തിന്റെ മുൻകൂട്ടിയുള്ള പങ്കുചേരലുമാണ്."

പരിശുദ്ധമറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചത് 1950ലാണെങ്കിലും ഇതു കത്തോലിക്കാസഭ അക്കാലത്തു കണ്ടുപിടിച്ച ഒരു സത്യമോ പുതിയ വെളിപ്പെടുത്തലോ അല്ല. ആദ്യനൂറ്റാണ്ടുമുതൽ സഭാമക്കൾ വിശ്വസിച്ചിരുന്നതും ആഘോഷിച്ചിരുന്നതുമായ ഒരു സത്യം സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുകയാണ് ഇതിലൂടെ ചെയ്തത്.

സഭയുടെ ആദ്യനൂറ്റാണ്ടുകൾമുതലുള്ള വിശ്വാസപാരമ്പര്യത്തിലും സഭാപിതാക്കന്മാരുടെയും വേദശാസ്ത്രപണ്ഡിതന്മാരുടെയും പഠനങ്ങളിലും വിവിധ സഭകളുടെ പ്രാചീനമായ ആരാധനക്രമങ്ങളിലും പരിശുദ്ധകന്യാമറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ കാണാൻ സാധിക്കും.

നൂറ്റാണ്ടുകളായുള്ള സഭയുടെ ഈ വിശ്വാസം വലിയ ഒരുക്കത്തിന്റെയും പഠനത്തിന്റെയും ശേഷമാണ് കത്തോലിക്കാസഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നത്. മറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കണമെന്ന് അനേകായിരങ്ങളിൽനിന്ന് മാർപാപ്പായ്ക്കു ലഭിച്ച കത്തുകളും ആവശ്യങ്ങളും മാനിച്ച് 1946 മുതൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ഈ പ്രഖ്യാപനത്തിനുവേണ്ടി ഒരുങ്ങുകയായിരുന്നു. അദ്ദേഹം 1946 മേയ് ഒന്നാം തീയതി എല്ലാ മെത്രാന്മാർക്കും ഇതിനെ സംബന്ധിച്ചുള്ള രണ്ടു ചോദ്യങ്ങൾ അയച്ചുകൊടുത്തു. അതിപ്രകാരമായിരുന്നു:

1. "ബഹുമാന്യരായ സഹോദരന്മാരേ, നിങ്ങളുടെ ജ്ഞാനവും വിവേചനവും പരിശുദ്ധകന്യകയുടെ ശരീരത്തോടുകൂടിയുള്ള സ്വർഗാരോപണം ഒരു വിശ്വാസസത്യമായി നിർദേശിക്കാനും നിർവചിക്കാനും സാധിക്കുന്നതാണെന്നു വിധിക്കുന്നോ?"

2. "നിങ്ങളും നിങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വൈദികരും ജനങ്ങളും അതാഗ്രഹിക്കുന്നുവോ?" 1236ൽ 1210 മെത്രാന്മാരും ഈ ചോദ്യങ്ങൾക്ക് 'അതേ' എന്ന ഉത്തരം നൽകി. ഇപ്രകാരം ഐകകണ്ഠ്യേന ലഭിച്ച നിർദേശത്തിന്റെയും സഭയുടെ ആദ്യനൂറ്റാണ്ടുമുതലുള്ള ജീവിക്കുന്ന പാരമ്പര്യത്തിന്റെയും പിൻബലത്തിലാണ് മാർപാപ്പാ മറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. ഈ അപ്പസ്തോലികപ്രമാണത്തിൽ മറിയത്തിന്റെ സ്വർഗാരോപണത്തെ സംബന്ധിച്ചുള്ള വിശുദ്ധഗ്രന്ഥാടിസ്ഥാനവും ആദിമസഭയിൽനിന്നുമുള്ള പാരമ്പര്യങ്ങളും ആരാധനക്രമപ്രാർഥനകളും സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും മാർപാപ്പാ ഉദ്ധരിക്കുന്നുണ്ട്.

അപ്പസ്തോലികപ്രമാണത്തിൽ പറയുന്നത്, മറിയത്തിന്റെ ഭൗമികവാസത്തിനുശേഷം സ്വർഗീയമഹത്ത്വത്തിലേക്കെടുക്കപ്പെട്ടുവെന്നാണ്. ഇവിടെ മറിയം മരിച്ചിട്ടില്ലെന്നോ മരിച്ചെന്നോ പഠിപ്പിക്കുകയല്ല പ്രധാനം. വിശ്വാസസത്യമായി സഭ പഠിപ്പിക്കുന്നത് മറിയം ഇഹലോകജീവിതത്തിനുശേഷം ആത്മശരീരങ്ങളോടുകൂടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടുവെന്നാണ്. എങ്ങനെ, എവിടെ എന്നത് പ്രത്യേകം പറയുന്നില്ല. മരണത്തോടെയാകാം, അല്ലെങ്കിൽ കല്ലറയിൽനിന്നുമാകാം. മറിയത്തിന്റെ ഇഹലോകജീവിതത്തിന്റെ അവസാനത്തെ 'മരണം' എന്നു സഭ വിളിക്കുന്നുമില്ല. കാരണം, മരണവും മണ്ണിനോടു ചേരുന്നതും പാപത്തിന്റെ ഫലമാണ് (ഉത്പ. 3:14-20; റോമ 5:12).



അമലോദ്ഭവയായ മറിയം പാപത്തിനടിമപ്പെട്ട മനുഷ്യന്റെ സഹജമായ വിധത്തിലുള്ള മരണത്തിനു കീഴ്പ്പെട്ടില്ല; മറിച്ച്, അവളുടെ ജീവിതാവസാനംതന്നെ പുനരുത്ഥാനത്തിലുള്ള പങ്കാളിത്തമായിരുന്നു. അതിനാൽ ആദിമസഭയിൽത്തന്നെ മറിയത്തിന്റെ ഇഹലോകജീവിതാവസാനത്തെ 'മറിയത്തിന്റെ ഉറക്കം' എന്നാണു വിളിച്ചിരുന്നത്. ഉത്ഥിതനായ ഈശോയ്ക്കു രൂപമാറ്റം സംഭവിച്ച ശരീരമായിരുന്നു എന്നാണ് വിശുദ്ധസുവിശേഷത്തിൽ നിന്നു മനസ്സിലാക്കാൻ സാധിക്കുന്നത്. ഇഹലോകജീവിതാവസാനം മിശിഹായുടെ ഉത്ഥാനമഹത്ത്വത്തിൽ പങ്കാളിയായ മറിയത്തിന്റെ ശരീരത്തിനും ഈ രൂപമാറ്റം സംഭവിച്ചിരിക്കണം എന്നും മനസ്സിലാക്കാം.


*12-ാം പീയൂസ് പാപ്പാ*

അപ്പോക്രിഫൽ പുസ്തകങ്ങളായ യാക്കോബിന്റെ സുവിശേഷം, തോമായുടെ സുവിശേഷം എന്നീ ഗ്രന്ഥങ്ങളിൽ പരിശുദ്ധമറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്. അപ്പോക്രിഫൽ പുസ്തകത്തിലെ വിവരണമനുസരിച്ച് പരിശുദ്ധ മറിയം ഈശോയുടെ മരണത്തിനുശേഷം സെഹിയോൻ മാളികയോടു ചേർന്നു ജീവിക്കുകയും അവിടെ മരിക്കുകയും ജോസഫാത്ത് താഴ്വാരത്ത് അടക്കുകയും ചെയ്തു. അടക്കിയ സമയത്ത് അപ്പസ്തോലനായ തോമസ് അവിടെയില്ലായിരുന്നുവെന്നും പിന്നീട് തോമസിനു മറിയത്തെ കാണുന്നതിനുവേണ്ടി കല്ലറ തുറന്നപ്പോൾ അവിടെ ശരീരം കണ്ടില്ലായെന്നും അങ്ങനെ മറിയം ശരീരത്തോടുകൂടി സ്വർഗത്തിലേക്കെടുക്കപ്പെട്ടു എന്നും വിശ്വാസമുണ്ടായി.

മരിച്ചടക്കിയതിനുശേഷം മൂന്നു ദിവസത്തേക്കു കല്ലറ തുറക്കുകയും മൃതശരീരം തൈലം പൂശുകയും ചെയ്യുന്നത് അക്കാലത്തു സാധാരണമായിരുന്നു. ഈശോയുടെ മരണശേഷം സ്ത്രീകൾ ആഴ്ചയുടെ ഒന്നാം ദിവസം കല്ലറയിങ്കലേക്കു പോകുന്നത് അവിടുത്തെ കല്ലറ തുറന്ന് മൃതശരീരം തൈലം പൂശുന്നതിനുവേണ്ടിയായിരുന്നു (മർക്കോ. 16:2-3; മത്താ. 28:1, ലൂക്കാ. 24:1, യോഹ. 20:1). ലാസറിനു പുതുജീവൻ നൽകുന്നയവസരത്തിൽ നാലു ദിവസമായതിനാൽ കല്ലറ തുറക്കുന്നതിനു തടസ്സം പറയുന്നതും നാം കാണുന്നു (യോഹ. 11:39).

യാക്കോബിന്റെ സുവിശേഷം എന്ന അപ്പോക്രിഫൽ പുസ്തകമനുസരിച്ച് മറിയം ഈശോയുടെ മരണത്തിനു ശേഷം അപ്പസ്തോലനായ യോഹന്നാന്റെ കൂടെ (യോഹ.19:27) എഫേസൂസിലേക്കു പോയി എന്നും അവിടെ കുറച്ചുകാലം താമസിച്ചതിനുശേഷം ജറുസലേമിലേക്കു തിരിച്ചുവരുകയും ജറുസലേമിൽ സെഹിയോൻ മലയിൽ മരിച്ച് ജോസഫാത്ത് താഴ്വാരത്ത് അടക്കപ്പെടുകയും ചെയ്തുവെന്നാണ്.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജറുലേമിൽനിന്നുമുള്ള തിമോത്തി എന്ന സഭാപിതാവിന്റെ വേദോപദേശത്തിൽ മറിയത്തിന്റെ സ്വർഗാരോപണത്തെ സൂചിപ്പിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: "അവളുടെ ഉദരത്തിൽ വസിച്ചവൻ അവളെ ആരോപണത്തിന്റെ സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി." നാലാം നൂറ്റാണ്ടുമുതൽ പൗരസ്ത്യസഭകളിൽ മറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ ആചരിച്ചിരുന്നതായി കരുതപ്പെടുന്നു. ആദ്യം പൗരസ്ത്യസഭകളിലും ആറാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യസഭകളിലും സ്വർഗാരോപണത്തിരുനാൾ ആചരിച്ചിരുന്നു. പ്രാചീനമായ ബൈസന്റൈൻ ആരാധനക്രമത്തിൽ പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണത്തിരുനാളിനോടനുബന്ധിച്ചുള്ള പ്രാർഥനകളുണ്ട്. കാൽസിഡോണിയൻ സൂനഹദോസിൽ ജറുസലേമിലുള്ള മറിയത്തിന്റെ ശൂന്യമായ കല്ലറയെക്കുറിച്ചു പ്രതിപാദിക്കുന്നു.

(ശേഷം 4-ാംപേജിൽ)

# പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണവും ജറുസലേമിലെ കല്ലറയും എഫേസോസിലെ വീടും

3-ാം പേജ് തുടർച്ച

ദമാസ്കസിൽനിന്നുള്ള വിശുദ്ധ ജോൺ (755) പറയുന്നത്, 'മറിയത്തിന്റെ ശരീരം സാധാരണരീതിയിൽ അടക്കിയെങ്കിലും അവളുടെ ശരീരം അവിടെ ആയിരിക്കുന്നതിനോ അഴുകുന്നതിനോ ഇടയായില്ല, അവൾ സ്വർഗീയഭവനത്തിലേക്ക് എടുക്കപ്പെട്ടു' എന്നാണ്.



*ജറുസലേമിലെ പരിശുദ്ധ മറിയത്തിന്റെ കല്ലറ*

പരിശുദ്ധകന്യാമറിയത്തിന്റെ സ്വർഗാരോപണവുമായി ബന്ധപ്പെട്ട് രണ്ടു സ്ഥലങ്ങളാണ് ഇന്നു വണങ്ങപ്പെടുന്നത്. ജറുസലേമിലുള്ള മറിയത്തിന്റെ കല്ലറയും എഫേസോസിലെ ദൈവാലയവും. സ്വർഗാരോപണത്തെ സംബന്ധിച്ചുള്ള രണ്ടു പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ രണ്ടു സ്ഥലങ്ങൾ വണങ്ങപ്പെടുന്നത്. ജറുസലേംപാരമ്പര്യവും എഫേസോസ്പാരമ്പര്യവും.

ജറുസലേംപാരമ്പര്യമനുസരിച്ച് മറിയം ഈശോയുടെ മരണശേഷം സെഹിയോൻ മലയോടു ചേർന്നു ജീവിച്ചു എന്നും അവിടെവച്ച് മരിച്ച മറിയത്തെ അന്നത്തെ പൊതുസംസ്കാരസ്ഥലമായ കെദ്രോൺ താഴ്‌വാരത്തു സംസ്കരിക്കുകയും അവിടെനിന്നു സ്വർഗത്തിലേക്കെടുക്കപ്പെടുകയും ചെയ്തു എന്നതാണ്. ഈ പാരമ്പര്യം ആദിമനൂറ്റാണ്ടുമുതൽ ജറുസേലമിൽ നിലനിൽക്കുന്നതും അപ്പോക്രിഫൽ പുസ്തകത്തിൽ വിവരിക്കുന്നതുമാണ്. മറിയത്തിന്റെ കല്ലറ ഇവിടെ ഉണ്ട് എന്നതാണ് ഈ പാരമ്പര്യത്തിനു പ്രാധാന്യം കൂടുതൽ ലഭിക്കുന്നതിനു കാരണം. ആദിമകാലം മുതൽ മറിയത്തിന്റെ ശൂന്യമായ കല്ലറ വണങ്ങിപ്പോന്നിരുന്നു.

മറിയത്തിന്റെ കല്ലറ ഉൾപ്പെടുത്തി ഒരു ദൈവാലയം ആദ്യമായി നിർമിക്കുന്നത് അഞ്ചാം നൂറ്റാണ്ടിലാണ്. 422-458 കാലഘട്ടത്തിൽ ജറുസലേമിലെ പാത്രിയർക്കായിരുന്ന യുവാസെനസിന്റെ കാലത്ത് കെദ്രോൺതാഴ്‌വാരത്ത് ഒരു ദൈവാലയവും അതിന്റെ ക്രിപ്റ്റിൽ മറിയത്തിന്റെ കല്ലറയും ഉണ്ടായിരുന്നതായി ചരിത്രത്തിൽ കാണാം. ബൈസന്റൈൻ ചക്രവർത്തിയായിരുന്ന തെയഡോഷ്യസാണ് ഇവിടെ ദൈവാലയം നിർമിച്ചത്. 1009 ൽ ഇസ്ലാമികരാജാവായിരുന്ന ഹക്കീമിന്റെ ആക്രമണത്തിൽ ഈ ദൈവാലയം നശിപ്പിക്കപ്പെടുന്നതുവരെയും ഈ ദൈവാലയം നിലനിന്നിരുന്നു. 1130 ൽ കുരിശുയുദ്ധക്കാർ ഇവിടെ ദൈവാലയം പുനരുദ്ധരിച്ചു. ഇന്നും ഈ ദൈവാലയവും ഈ ദൈവാലയത്തിനുള്ളിലുള്ള ശൂന്യമായ കല്ലറയും കാണാൻ സാധിക്കും. പതിന്നാലാം നൂറ്റാണ്ടുമുതൽ ഈ ദൈവാലയം ഫ്രാൻസിസ്കൻ വൈദികരുടെ കൈവശമായിരുന്നു.

1757 ൽ തുർക്കികളുടെ ഭരണകാലത്ത് ഈ ദൈവാലയം ഓർത്തഡോക്സ് സഭകൾക്കു കൈമാറി. ഇന്നു ഗ്രീക്ക്ഓർത്തഡോക്സ്, അർമേനിയൻ ഓർത്തഡോക്സ് എന്നീ സഭകളുടെ അധീനതയിലാണ്. ഈ കല്ലറയും ദൈവാലയവും പരിശുദ്ധകന്യകയുടെ സ്വർഗാരോപണത്തിന്റെ ചരിത്രശേഷിപ്പായി ഇന്നും നിലനില്ക്കുന്നു. എല്ലാ ക്രൈസ്തവവിഭാ



*എഫേസോസിലെ പരിശുദ്ധ മറിയത്തിന്റെ വീട്*

ഗങ്ങളും ഇസ്ലാംമതസ്ഥരും ഈ പുണ്യസ്ഥലം വണങ്ങിപ്പോരുന്നു.

എഫേസോസ് പാരമ്പര്യമനുസരിച്ച് പരിശുദ്ധ ദൈവമാതാവ് എഫേസോസിലേക്ക് അപ്പസ്തോലനായ യോഹന്നാന്റെ കൂടെ പോയെന്നും അവിടെവച്ച് ഇഹലോകവാസം അവസാനിക്കുകയും സ്വർഗത്തിലേക്കെടുക്കപ്പെടുകയും ചെയ്തുവെന്നാണ്. പരിശുദ്ധമറിയം തന്റെ ജീവിതാവസാനത്തോടെ ജറുസലേമിലേക്കു തിരിച്ചുപോയെന്നും ഈ പുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആദിമസഭയിൽ എഫേസോസിൽ മറിയത്തിന്റെ നാമത്തിൽ ദൈവാലയമുണ്ടായിരുന്നു. 431 ലെ എഫേസോസ് സൂനഹദോസ് നടന്നത് അവിടെയുണ്ടായിരുന്ന ദൈവമാതാവിന്റെ നാമത്തിലുള്ള ദൈവാലയത്തിലായിരുന്നു. ഇന്ന് എഫേസോസിൽ ഈ ദൈവാലയത്തിന്റെ തകർക്കപ്പെട്ടതിനുശേഷമുള്ള അവശിഷ്ടങ്ങൾ മാത്രമേ കാണാനുള്ളൂ. മറിയത്തിന്റെ സ്വർഗാരോപണം എഫേസോസിൽ നടന്നതായി ആദിമസഭ കരുതിയിരുന്നതായി സാക്ഷ്യപ്പെടുത്തലുകൾ ഒന്നുമില്ല.

എന്നാൽ, ആധുനികകാലത്ത് എഫേസോസിനടുത്ത് മറിയത്തിന്റെ വീട് സ്വർഗാരോപണത്തിന്റെ സ്ഥലമായി വണങ്ങിപ്പോരുന്നു. ഇതിന്റെ അടിസ്ഥാനം അഗസ്റ്റീനിയൻ സന്ന്യാസിനിയും മിസ്റ്റിക്കുമായ കത്രീന എമ്മെറിക് (1774-1824) എന്ന ജർമൻകാരിയായ വിശുദ്ധയ്ക്കു ലഭിച്ച ദർശനമാണ്. 12 വർഷക്കാലം ഭക്ഷണം കഴിക്കാതെ പാനീയവും വിശുദ്ധകുർബാനയും മാത്രമായി ജീവിച്ച പഞ്ചക്ഷതധാരിണിയായിരുന്നു വിശുദ്ധ കത്രീന എമ്മെറിക്.

2004 ൽ ജോൺപോൾ രണ്ടാമൻ പാപ്പാ അവരെ വിശുദ്ധയായി പ്രഖ്യാപിച്ചു. വിശുദ്ധയ്ക്കു ലഭിച്ച ദർശനങ്ങളിൽ പരിശുദ്ധ കന്യാമറിയത്തിന്റെ ഈ ലോകത്തിലെ അവസാനനിമിഷങ്ങളെക്കുറിച്ചുള്ള ദർശനങ്ങളുണ്ടായിരുന്നു. കത്രീന എമ്മെറിക്കിനു ലഭിച്ച ദർശനമനുസരിച്ച് എഫേസോസിൽനിന്നു വളരെയകലെയല്ലാതെ ബുൾബുൾഡഗ് മലയിൽ മറിയത്തിന്റെ വീട് ഉണ്ടെന്നും ആ വീട്ടിലാണു മറിയം താമസിച്ചിരുന്നതെന്നും മറിയം അവിടെനിന്നു സ്വർഗത്തിലേക്കെടുക്കപ്പെട്ടുവെന്നുമാണ്. മറിയത്തിന്റെ വീട് അപ്പസ്തോലനായ യോഹന്നാൻ നിർമിച്ചതാണെന്നും ആ സ്ഥലത്തിന്റെയും വീടിന്റെയും ഏറ്റവും ചെറിയ വിവരണങ്ങൾപോലും കത്രീന എമ്മെറിക് പറയുന്നുണ്ട്.

ഒരിക്കൽപ്പോലും സ്വന്തരാജ്യത്തുനിന്നു പുറത്തുപോയിട്ടില്ലാത്ത കത്രീന എമ്മെറിക് മറ്റൊരു രാജ്യത്ത് ഉപേക്ഷിക്കപ്പെട്ടുകിടക്കുന്ന ആ പ്രദേശം, എഫേസോസിനടുത്തു മറിയം താമസിച്ചിരുന്ന സ്ഥലം കൃത്യമായി പറയുന്നുണ്ട്. 'പരിശുദ്ധകന്യകയുടെ ജീവിതം' എന്ന പുസ്തകത്തിൽ വിവരിക്കുന്നതനുസരിച്ച് ഉപേക്ഷിക്കപ്പെട്ടുകിടന്നിരുന്ന ആ പ്രദേശത്തു നടത്തിയ അന്വേഷണത്തിന്റെ ഫലമായി എഫേസോസിനടുത്ത് കത്രീന എമ്മെറിക് പറഞ്ഞതനുസരിച്ചുള്ള സ്ഥലവും വീടും കണ്ടെത്തി.

അത് ആദ്യനൂറ്റാണ്ടുകളിൽ ഉപയോഗിച്ചിരുന്നതായും പിന്നീട് ഉപേക്ഷിക്കപ്പെട്ടതാണെന്നും മനസ്സിലാക്കി. ആ സ്ഥലവും വീടും കത്രീന എമ്മെറിക് ദർശനത്തിൽ പറയുന്നവിധം കൃത്യവുമായിരുന്നു.

കത്രീന എമ്മെറിക്കിന്റെ ദർശനത്തിൽ മറിയത്തിന്റെ അവസാനനിമിഷങ്ങൾ എഫോസോസിലുള്ള വീട്ടിലാണു സംഭവിച്ചതെന്നു പറയുന്നുണ്ട്. 1891 ൽ ഈ സ്ഥലവും വീടും കണ്ടെത്തിയതിനുശേഷം പ്രത്യേകമായി പരിശുദ്ധ മറിയത്തിന്റെ വീടായും സ്വർഗാരോപണത്തിന്റെ സ്ഥലമായും വണങ്ങിപ്പോന്നിരുന്നു. ക്രൈസ്തവരും ഇസ്ലാംമതസ്ഥരുമായ തീർഥാടകർ ധാരാളമായി അവിടേക്കെത്തുന്നു. ഇന്നു തുർക്കിഗവൺമെന്റിന്റെ കൈവശമാണ് ഈ തീർഥാടനകേന്ദ്രം. 1891 മുതലാണ് മറിയത്തിന്റെ സ്വർഗാരോപണത്തിന്റെ സ്ഥലമായി എഫേസോസ് വണങ്ങപ്പെടുന്നത്.

ജറുസലേംപാരമ്പര്യവും എഫേസോസ് പാരമ്പര്യവും ഒന്നിച്ചുകാണുമ്പോൾ ഏതാണു ശരി എന്ന ചോദ്യം സ്വാഭാവികമാണ്. പൂർണമായും ശരിയായിട്ടുള്ളതാണ് സഭ വിശ്വാസസത്യമായി പഠിപ്പിക്കുന്നത്.

"മറിയം ഭൗമികജീവിതത്തിനുശേഷം ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്കെടുക്കപ്പെട്ടു." ജറുസേലം പാരമ്പര്യവും എഫേസോസ്പാരമ്പര്യവും ഇത് ഏറ്റുപറയുന്നുണ്ട്. ജറുസലേംപാരമ്പര്യത്തിന് ആദിമസഭയിൽനിന്നുള്ള സാക്ഷ്യങ്ങളും ചരിത്രത്തിൽ എന്നും വണങ്ങിപ്പോന്നിരുന്ന മറിയത്തിന്റെ ശൂന്യമായ കല്ലറയും സ്വർഗാരോപണത്തിന്റെ ദൈവാലയവുമുണ്ട്. ഇനി ദർശനത്തിന്റെ കാര്യമെടുത്താലും മിസ്റ്റിക്കുകളായിരുന്ന വിശുദ്ധ ബ്രിജീത്തയുടെ ദർശനത്തിലും മരിയ വാൾത്തോർത്തയുടെ ദർശനത്തിലും പരിശുദ്ധകന്യകാമറിയം ഈശോയുടെ മരണശേഷം സെഹിയോൻമലയിൽ താമസിച്ചിരുന്നുവെന്നും അവിടെനിന്ന് എഫേസോസിലേക്കു പോയെങ്കിലും അവിടെനിന്നു തിരിച്ചു ജറുസലേമിലേക്കു വന്നുവെന്നും സെഹിയോൻമലയിൽ മരിച്ചുവെന്നും തുടർന്ന് ജോസഫാത്ത്താഴ്‌വാരത്തു സംസ്കരിച്ചുവെന്നും അവിടെനിന്ന് ആത്മശരീരങ്ങളോടെ സ്വർഗീയമഹത്ത്വത്തിലേക്കെടുക്കപ്പെട്ടു എന്നുമുള്ള പാരമ്പര്യമാണ് പൊതുവെ ചരിത്രകാരന്മാർ അംഗീകരിച്ചുപോരുന്നത്.



*വിശുദ്ധ കത്രീന എമ്മെറിക്*

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ

ക്ഷിപ്രകോപി ബുദ്ധിഹീനമായി പ്രവർത്തിക്കുന്നു; ബുദ്ധിമാൻ ക്ഷമാശീലനാണ്.

സുഭാഷിതങ്ങൾ 14:17

**എഡിറ്റോറിയൽ**

# സത്യമറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്

സ്വതന്ത്ര ഇന്ത്യ പിറന്നുവീണിട്ട് 78 വർഷം പിന്നിടുന്ന ഈ വേളയിൽ രാജ്യതലസ്ഥാനത്തു പ്രതിപക്ഷഐക്യനിര നടത്തിക്കൊണ്ടിരിക്കുന്ന വീറുറ്റ പോരാട്ടം വലിയ ചോദ്യങ്ങളുയർത്തുന്നു. ലോക്സഭയിലെ പ്രതിപക്ഷനേതാവു രാഹുൽഗാന്ധി തെളിവുസഹിതം ഉന്നയിച്ച ആരോപണങ്ങളോടു മുടന്തൻന്യായം പറഞ്ഞു മുഖംതിരിഞ്ഞുനിൽക്കുന്ന കേന്ദ്രസർക്കാരിനും കേന്ദ്രതിരഞ്ഞെടുപ്പുകമ്മിഷനുമെതിരേയാണ് അവരുടെ പോരാട്ടം.

കഴിഞ്ഞ ഏഴാംതീയതി വ്യാഴാഴ്ചയാണ്, 2024 ലെ പൊതുതിരഞ്ഞെടുപ്പുഫലം ബിജെപിക്ക് അനുകൂലമാക്കാൻ തിരഞ്ഞെടുപ്പുകമ്മിഷൻ 'വോട്ടുകൊള്ള' നടത്തിയെന്ന ആരോപണവുമായി തെളിവും കണക്കുംനിരത്തി രാഹുൽഗാന്ധി രംഗത്തുവരുന്നത്. ഒരേ വോട്ടർമാരെ പല ബൂത്തുകളിലെത്തിച്ചും കള്ള മേൽവിലാസമുപയോഗിച്ചും, കന്നിവോട്ടർമാരെ ചേർക്കുന്ന നടപടിയിൽ ക്രമക്കേടു കാട്ടിയും വലിയ അട്ടിമറി നടന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

കഴിഞ്ഞ ലോക്സഭാതിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയപ്രതീക്ഷ വച്ചുപുലർത്തിയ ബംഗളൂരു സെൻട്രൽ ലോക്സഭാമണ്ഡലത്തിലെ എട്ട് നിയമസഭാമണ്ഡലങ്ങളിൽ ഏഴിടത്തുമായി കോൺഗ്രസിന് 82,000 വോട്ടാണ് ഭൂരിപക്ഷം ലഭിച്ചതെങ്കിൽ മഹാദേവപുരം എന്ന മണ്ഡലത്തിൽ മാത്രമായി ബിജെപിക്ക് 1.14 ലക്ഷം ഭൂരിപക്ഷം ലഭിച്ചുവത്രേ. ഇവിടെ ബിജെപിക്ക് ആകെ ലഭിച്ച 2,29,632 വോട്ടുകളിൽ 1,20,250 വോട്ടുകൾ വ്യാജമെന്ന് കോൺഗ്രസ് ആരോപിക്കുന്നു. കഴിഞ്ഞ ലോക്സഭാതിരഞ്ഞെടുപ്പിൽ ബിജെപി ജയിച്ച ഇരുപത്തിയഞ്ചു മണ്ഡലങ്ങളിലെയെങ്കിലും ഫലം വോട്ടർപട്ടികയിലെ അസാധാരണ ക്രമക്കേടുകളിലൂടെ നേടിയെടുത്തതാണെന്ന സൂചന ചെന്നുകൊള്ളുന്നത് ഒരേയൊരു ചോദ്യത്തിലേക്കാണ് – ഇന്ത്യൻ ജനാധിപത്യം എങ്ങോട്ട്?

ബഹുസ്വരതയുടെ സൗന്ദര്യം പേറുന്ന മതനിരപേക്ഷഭാരതത്തിന്റെ പാരമ്പര്യമൂല്യങ്ങളെ ചവിട്ടിമെതിച്ചുകൊണ്ട് വർഗീയ ശക്തികൾ രാജ്യത്തെ സ്വന്തം സ്വാർഥതാത്പര്യങ്ങളുടെ നിഴലിൽ നിറുത്താൻ ശ്രമിച്ചാൽ അത് അങ്ങേയറ്റം അപകടകരമാണ്. ബീഹാറിലെ സമഗ്രവോട്ടർപട്ടികപരിഷ്കരണത്തിന്റെ മറവിൽ 65 വോട്ടർമാരുടെ സമ്മതിദാനാവകാശം റദ്ദാക്കാനുള്ള നീക്കത്തെ ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. ബിജെപിക്ക് വോട്ടുചെയ്യാൻ സാധ്യതയില്ലാത്ത ന്യൂനപക്ഷങ്ങളുടെ പേരുകളാണ് നീക്കിയതെന്നു പ്രതിപക്ഷം പറയുന്നു. ഞെട്ടിക്കുന്ന കണക്കുകളാണ് രാഹുൽ പുറത്തുവിട്ടത്. 11,965 ഡ്യൂപ്ലിക്കേറ്റ് വോട്ടർമാരുടെയും 40,009 വ്യാജവിലാസക്കാരുടെയും, ഒരേ വിലാസത്തിൽ പല പേരുള്ള 10,452 പേരുടെയും വ്യക്തമായ ഫോട്ടോയില്ലാത്ത 4,132 പേരുടെയും 33,692 വ്യാജകന്നിവോട്ടർമാരുടെയും കണക്കുകൾ രാഹുൽ തെളിവുസഹിതം മാധ്യമങ്ങൾക്കു മുമ്പിൽ നിരത്തി. ഇതിനൊന്നും വ്യക്തമായ ഉത്തരം നൽകാൻ സർക്കാരിനോ തിരഞ്ഞെടുപ്പുകമ്മിഷനോ ഇതുവരെ കഴിഞ്ഞിട്ടില്ല.

ഒരാൾക്കു താമസിക്കാവുന്ന ഒറ്റമുറിവിലാസത്തിൽ 80 വോട്ടുകൾ ചേർത്തെന്നും, ശകുൻ റാണി എന്നയാൾക്ക് വോട്ടർപട്ടികയിൽ ഡ്യൂപ്ലിക്കേറ്റ് വോട്ടുണ്ടെന്നും രണ്ടു രീതിയിലുള്ള ഫോട്ടോയുപയോഗിച്ച് ഇവർ രണ്ടു തിരിച്ചറിയൽ കാർഡുകൾ ഉണ്ടാക്കിയെന്നും രാഹുൽ പറഞ്ഞത് ശരിയാണെന്നു തെളിഞ്ഞു. മഹാദേവപുരിയിലെ 341-ാം നമ്പർ ബൂത്തിൽ ശകുൻ റാണി രണ്ടു തവണ വോട്ടു ചെയ്തതിന്റെ രേഖകൾ സഹിതമാണ് ഇക്കാര്യം രാഹുൽ വ്യക്തമാക്കിയത്. എന്നാൽ, ഒരു വോട്ടു മാത്രമേ ചെയ്തുള്ളൂവെന്ന് ശകുൻ റാണി പറഞ്ഞുവെന്നാണ് തിരഞ്ഞെടുപ്പുകമ്മിഷന്റെ മുടന്തൻന്യായം. രണ്ടാമത്തെ വോട്ടു ചെയ്തയാൾ ആരെന്നു കമ്മിഷൻ പറയുന്നുമില്ല.

ശകുൻ റാണിയിൽനിന്നു സത്യവാങ്മൂലം ഒപ്പിട്ടുവാങ്ങാതെ പ്രസ്താവന നടത്തുന്ന തിരഞ്ഞെടുപ്പു കമ്മിഷൻ പ്രതിപക്ഷനേതാവിനോട് സത്യവാങ്മൂലം ആവശ്യപ്പെടുന്നത് പരിഹാസ്യമാണ്. ആരോപിതമായ ക്രമക്കേടുകളുടെ തെളിവു നശിപ്പിക്കാൻ കമ്മിഷൻ രാജ്യവ്യാപകമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് രാഹുൽ മുന്നേ പറഞ്ഞുകഴിഞ്ഞു. ഏതായാലും പോളിങ് ബൂത്തിലെ സിസിടിവി, വെബ്കാസ്റ്റിങ്, വീഡിയോ, ഫോട്ടോ, എന്നീ തെളിവുകൾ 45 ദിവസത്തിനകം നശിപ്പിക്കാൻ നിർദേശിച്ചത് കമ്മിഷനാണ്. ഇതു തെളിവു നശിപ്പിക്കാനല്ലെങ്കിൽപിന്നെ മറ്റെന്തിനാണ്? അല്ലെങ്കിൽത്തന്നെ വോട്ടർപട്ടികയിലെ കൃത്രിമത്വത്തെക്കുറിച്ച് പരാതിയെഴുതി ഒപ്പിട്ടുനൽകണമെന്ന കമ്മിഷന്റെ ആവശ്യം നിരർഥകമെന്നാണ് ലോക്സഭയുടെ മുൻസെക്രട്ടറി ജനറലും ഭരണഘടനാനിയമവിദഗ്ധനുമായ പി.ഡി.റ്റി. ആചാരി ചൂണ്ടിക്കാട്ടുന്നത്. കരടുപട്ടിക പ്രസിദ്ധീകരിച്ച് 30 ദിവസത്തിനു ശേഷം മാത്രമേ ഈ നിയമങ്ങൾ ബാധകമാകൂവത്രേ.

ആരെന്തുപറഞ്ഞാലും ഒരു ഭരണഘടനാസ്ഥാപനമെന്ന നിലയിൽ തിരഞ്ഞെടുപ്പുകമ്മിഷന്റെ വിശ്വാസ്യത സംശയനിഴലിലായിരിക്കുന്നു. അതു നീക്കേണ്ട ഉത്തരവാദിത്വം കമ്മിഷനുതന്നെയാണ്. നടപടികൾ വൈകുന്തോറും സംശയം ബലപ്പെടുന്നു. പാർലമെന്ററി ജനാധിപത്യത്തിൽ പ്രതിപക്ഷനേതാവിന് സുപ്രധാനസ്ഥാനമുണ്ട്. അദ്ദേഹം ഉന്നയിച്ച ആശങ്കകൾക്ക് വിശ്വസനീയമായ രീതിയിൽ മറുപടി നൽകാൻ കമ്മിഷൻ എന്തിനു മടിക്കണം? തിരഞ്ഞെടുപ്പുകമ്മിഷൻ തയ്യാറാക്കിയ വോട്ടർപട്ടികയെ അടിസ്ഥാനമാക്കിയാണ് രാഹുൽ ഈ ആരോപണങ്ങളെല്ലാം ഉന്നയിച്ചതെന്നോർക്കണം. എന്നിട്ടും ആരോപണം പരിശോധിക്കുമെന്നുപോലും പറയാതെ ഒരു വെറും രാഷ്ട്രീയക്കാരനെപ്പോലെ ഓരോ ചട്ടങ്ങൾ പറഞ്ഞും ഉപാധികൾ നിരത്തിയും പ്രതിരോധിക്കാനാണ് കമ്മിഷൻ ശ്രമിക്കുന്നത്.

രാഹുലിന്റെ ആരോപണം തിരഞ്ഞെടുപ്പുകമ്മിഷനിൽ മാത്രം ഒതുങ്ങുന്നതല്ല, അതു മുഖ്യഭരണകക്ഷിയിലേക്കു കൂടി നീളുന്നതാണ്. പക്ഷേ, ബിജെപിയും കമ്മിഷനൊപ്പം ഒളിച്ചുകളിക്കുകയാണ്. തിരഞ്ഞെടുപ്പുകമ്മിഷണർമാരുടെ മൂന്നംഗനിയമനസമിതിയിൽനിന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റീസിനെ നീക്കാൻ നിയമം പാസാക്കിയത് ബോധപൂർവമെന്ന സംശയം ജനിപ്പിക്കുന്നതാണ് മുഖ്യകക്ഷിയുടെ മൗനം. അധികാരതാത്പര്യങ്ങളുടെ സംരക്ഷണമാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഭരണഘടനാസ്ഥാപനങ്ങൾ ചിന്തിച്ചുതുടങ്ങിയാൽ ജനാധിപത്യത്തിന്റെ മരണമണിയാവും അവിടെ മുഴങ്ങുക. ■

# 'യുദ്ധങ്ങൾ എത്രയും വേഗം അവസാനിക്കട്ടെ': ലെയോ പാപ്പാ

യുദ്ധങ്ങൾ അവസാനിപ്പിക്കാൻ ലോകം പ്രാർഥിക്കണമെന്ന് ലെയോ പാപ്പാ. വത്തിക്കാനിൽ മധ്യാഹ്നപ്രാർഥനയ്ക്കുശേഷം വിശ്വാസികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഹിരോഷിമയിലും നാഗസാക്കിയിലും നടന്ന അണുബോംബാക്രമണത്തിന്റെ എണ്ണൂറാമത് വാർഷികം ആഘോഷിക്കുന്ന വേളയിൽ, യുദ്ധങ്ങൾ അവസാനിപ്പിക്കുന്നതിനും ലോകസമാധാനത്തിനും പ്രാർഥനയുടെ പ്രാധാന്യം വലുതാണെന്നു പാപ്പാ പറഞ്ഞു. ലോകമെമ്പാടുമുള്ള സംഘർഷങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ, യുദ്ധങ്ങളെ നിരസിക്കാൻ നമുക്കു സാധിക്കണമെന്നും പാപ്പാ പറഞ്ഞു.

ഭരണകർത്താക്കൾ വിവിധങ്ങളായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ, അവയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അവരുടെ ഉത്തരവാദിത്വങ്ങൾ മനസ്സിൽ സൂക്ഷിക്കണമെന്നും പാപ്പാ ആവശ്യപ്പെട്ടു. ഈ തീരുമാനങ്ങളിൽ, ഏറ്റവും ദുർബലരായവരുടെ ആവശ്യങ്ങളും, സമാധാനത്തിനായുള്ള സാർവത്രികമായ ആഗ്രഹങ്ങളും അവഗണിക്കപ്പെടരുതെന്നും പാപ്പാ ഓർമപ്പെടുത്തി.

തുടർന്ന്, സംയുക്തമായ സമാധാനപ്രഖ്യാപനകരാറിൽ ഒപ്പുവച്ച അർമേനിയയെയും, അസർബൈജാനെയും പാപ്പാ പ്രത്യേകമായി അഭിനന്ദിക്കുകയും, ഇത് സുസ്ഥിരവും ശാശ്വതവുമായ സമാധാനത്തിനു കാരണമാകുമെന്നു താൻ പ്രതീക്ഷിക്കുന്നതായും പറഞ്ഞു.

തന്റെ അഭ്യർഥനയിൽ ഹെയ്തിയിൽ നിലനിൽക്കുന്ന അസ്വസ്ഥതയുടെ അവസ്ഥയെ പാപ്പാ പ്രത്യേകം സൂചിപ്പിച്ചു. കൊലപാതകങ്ങൾ, അക്രമങ്ങൾ, മനുഷ്യക്കടത്ത്, നിർബന്ധിതനാടുകടത്തൽ, തട്ടിക്കൊണ്ടുപോകൽ എന്നിങ്ങനെ വിവിധ സാമൂഹികതിന്മകൾ നിലനിൽക്കുന്ന രാഷ്ട്രത്തിന്റെ ഭീകരാവസ്ഥയും പാപ്പാ എടുത്തുപറഞ്ഞു. ബന്ദികളെ ഉടനടി മോചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവരോടു പാപ്പാ അഭ്യർഥിക്കുകയും ചെയ്തു.



# കർഷകർക്കൊപ്പം നിൽക്കാൻ രൂപത പ്രതിജ്ഞാബദ്ധം: മാർ കല്ലറങ്ങാട്ട്

പാലാ: കർഷകർക്ക് ആത്മവിശ്വാസവും പ്രത്യാശയും പകർന്ന് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മൂല്യവർധിതഉത്പന്നനിർമാണവും വിപണനവും വഴി അധികവരുമാനസമ്പാദനത്തിനും കർഷകർക്കൊപ്പം നിൽക്കാൻ രൂപത പ്രതിജ്ഞാബദ്ധമാണെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപതയുടെ കാർഷികമുന്നേറ്റപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച അഗ്രി തിങ്ക് ടാങ്കിന്റെ പ്രഥമസമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു ബിഷപ്.



*പാലാ രൂപതയുടെ കാർഷികമുന്നേറ്റപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച അഗ്രി തിങ്ക് ടാങ്കിന്റെ പ്രഥമസമ്മേളനത്തിൽ പങ്കെടുത്തവർ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് തുടങ്ങിയവർക്കൊപ്പം.*

ബിഷപ്സ് ഹൗസിൽ ചേർന്ന യോഗത്തിൽ ഡോ. പി.സി. സിറിയക്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരായ ജോ ജോസഫ്, ഷേർളി സഖറിയ, മുൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരായ ബോസ് ജോസഫ്, സലോമി തോമസ്, ഡെപ്യൂട്ടി ഡയറക്ടർ ജോ പൈനാപ്പള്ളി, മുൻ ഡെപ്യൂട്ടി ഡയറക്ടർമാരായ ജോർജ് ജോസഫ്, സിബി കോയിപ്പള്ളി, റിട്ടയേർഡ് ഫാം സൂപ്രണ്ട് ജോൺസൺ പൂറവക്കാട്ട്, വിശ്വാസ് ഫുഡ് മാനേജിങ് ഡയറക്ടർ സോണി ഏറത്തേൽ, കർഷകപ്രതിനിധികളായ കുര്യാക്കോസ് പടവൻ, ഔസേപ്പച്ചൻ മേക്കാട്ട്, രാജു മാത്യു, ടോം ജേക്കബ് ആലയ്ക്കൽ, ടിംസ് പോത്തൻ നെടുമ്പുറം, ഔസേപ്പച്ചൻ വെള്ളിമൂഴയിൽ തുടങ്ങിയവർ ആശയങ്ങൾ പങ്കുവച്ചു.

വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, അസി. ഫിനാൻസ് മാനേജർ ഫാ. കുര്യൻ മുക്കാംകുഴി, പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് ഓഫീസർമാരായ പി. വി. ജോർജ് പുരയിടം, ടോണി സണ്ണി, പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ സിഇഒ വിമൽ ജോണി, സാൻതോം ഫുഡ്ഫാക്ടറി ഓപ്പറേഷൻ മാനേജർ ടോണി കാനാട്ട് എന്നിവർ നേതൃത്വം നൽകി.



ഡോ. കുര്യാസ് കുമ്പളക്കുഴി

**ഇസ്രയേൽ ഒരു ചരിത്രവിസ്മയം 4**



# 1967 ലെ ആറുദിനയുദ്ധം

**1956** ലെ യുദ്ധത്തിന് ഐക്യരാഷ്ട്രസഭ ഇടപെട്ടു വിരാമമിട്ടുവെങ്കിലും എല്ലാവിധ സമാധാനശ്രമങ്ങളെയും നിഷ്ഫലമാക്കിക്കൊണ്ട് അറബ്‌രാജ്യങ്ങളുടെ ഇസ്രയേൽ അതിർത്തികളിൽ ഇടയ്ക്കിടെ സൈനികഏറ്റുമുട്ടലുകൾ നടന്നുകൊണ്ടിരിക്കുന്നു.

ഇതിനിടയിൽ 1967 മേയ്മാസത്തിൽ ഈജിപ്ത് പ്രസിഡണ്ട് നാസർ ബുദ്ധിശൂന്യമായ ഒരു നടപടിയെടുത്തു. 1956 ലെ യുദ്ധവിരാമകരാർ വ്യവസ്ഥകൾപ്രകാരം ഐക്യരാഷ്ട്രസംഘടന സൂയസ്കനാൽ പ്രദേശത്തു വിന്യസിച്ചിരുന്ന യു.എൻ. സമാധാനസേനയെ അദ്ദേഹം പുറത്താക്കി. ഇതോടെ അന്തരീക്ഷം സംഘർഷഭരിതമായി.

ഇതിനെത്തുടർന്ന്, ഈജിപ്ത്, സിറിയ, ജോർദാൻ എന്നിവരുടെ സംയക്തുസേന ഇസ്രയേൽ അതിർത്തികളിൽ യുദ്ധസജ്ജമായി നിലയുറപ്പിച്ചു. ഒപ്പം, ഇറാക്കിസൈന്യവും ഇവർക്കു തുണയായെത്തി. ജൂൺ അഞ്ചിനു യുദ്ധം ആരംഭിച്ചു. പിറ്റേന്നു രാവിലെ ഇസ്രയേൽനഗരങ്ങൾ മുഴുവൻ ബോംബിട്ടു തകർക്കാൻ ഉദ്ദേശിച്ചുകൊണ്ട്, കെയ്റോ ഉൾപ്പെടെയുള്ള ഈജിപ്തിലെ വിമാനത്താവളങ്ങളിൽ ബോംബുകളുമായി വിമാനങ്ങൾ തയ്യാറെടുത്തു കിടന്നു. അടുത്ത പ്രഭാതത്തിൽ ഇസ്രയേൽരാഷ്ട്രവും ഇസ്രയേൽജനതയും ഭൂമുഖത്തുണ്ടാവില്ല എന്ന ആശങ്കയോടെയാണു ലോകം ഉറങ്ങാൻ പോയത്.

നാളെ രാവിലെ ഉറക്കമുണരാൻ സാധ്യതയില്ല എന്ന ഭയത്തോടെ ജൂൺ അഞ്ചിന് ഉറങ്ങാൻ കിടന്ന ഇസ്രയേൽജനതയുടെ മരണഭയം ആർക്കാണ് അളക്കാനാവുക? ലോകത്തിലെ ഏതെങ്കിലുമൊരു രാഷ്ട്രം അതിനുമുമ്പോ പിമ്പോ ഇത്ര മരണഭയത്തോടെ ഒരു രാത്രി മുഴുവൻ കരഞ്ഞും തളർന്നും ഉറങ്ങാതിരുന്നിട്ടില്ല.

പക്ഷേ, സംഭവിച്ചതു മറിച്ചായിരുന്നു. ഇസ്രയേലിന്റെ തന്ത്രശാലികളായ നേതാക്കൾ ജനങ്ങളെകൂട്ടമരണത്തിനു വിട്ടുകൊടുക്കില്ലെന്നു പ്രതിജ്ഞയെടുത്തിരുന്നു. അതു നടപ്പാക്കിയത് അവരുടെ സുസജ്ജമായ വ്യോമസേനയാണ്.

രാവിലെ ഉത്തരവു കിട്ടിയാൽ പറന്നുയരാൻ കാത്തുകിടന്ന ഈജിപ്തിന്റെ ബോംബർ വിമാനങ്ങളിലൊന്നിനും പറന്നുപൊങ്ങാൻ കഴിഞ്ഞില്ല. അഞ്ചാം തീയതി പാതിരാത്രിക്കുശേഷം, ലോകം മുഴുവൻ ഉറങ്ങിക്കിടക്കേ, ഇസ്രയേലിന്റെ ബോംബർവിമാനങ്ങൾ, റഡാറുകളിൽ പ്രത്യക്ഷപ്പെടാത്തവിധം താഴ്ന്നു പറന്ന് ഈജിപ്തിന്റെ വിമാനത്താവളങ്ങളിൽ മുഴുവൻ ബോംബു വർഷിച്ചു. ഒറ്റ രാത്രികൊണ്ട് ഈജിപ്തിന്റെ സുശക്തമായ വ്യോമസേന നിർവീര്യരായി!

തുടർന്നുണ്ടായ കരയുദ്ധത്തിൽ അത്യാധുനികായുധങ്ങൾകൊണ്ടു സുസജ്ജമായ ഇസ്രയേൽസൈന്യം എല്ലാ യുദ്ധമുഖങ്ങളിലും ശത്രുരാജ്യങ്ങളിലേക്ക് ഇരച്ചുകയറി. സിറിയയുടെ അതിർത്തി കടന്നു 40 കിലോമീറ്റർ ഉള്ളിലേക്കു സൈന്യം കടന്നുകയറി. ഈജിപ്തിൽനിന്നു സിനായ് ഉപദ്വീപും ഗാസമുനമ്പും ഇസ്രയേൽ പിടിച്ചെടുത്തു. ജോർദാനിൽനിന്നു കിഴക്കൻ ജറുസലേം ഉൾപ്പെടെയുള്ള വെസ്റ്റ് ബാങ്കും സിറിയയുടെ കൈയിൽനിന്നു ഗോലാൻകുന്നുകളും ഇസ്രയേൽ സ്വന്തമാക്കി. ഇസ്രയേലിന്റെ വിസ്തൃതി ഇരട്ടിയായി!

ഇത്രയുമായപ്പോഴേക്കും സംയുക്തകക്ഷികൾ വെടിനിർത്തലിനു ശ്രമം ആരംഭിച്ചു. ഈജിപ്തുതന്നെ ഐക്യരാഷ്ട്രസഭയുടെ സഹായം തേടി. നാസർ തന്റെ വൈസ് പ്രസിഡന്റിനെ വാഷിങ്ടണിലേക്കയച്ചു. അമേരിക്കയുടെയും സോവ്യറ്റ് യൂണിയന്റെയും ഐക്യരാഷ്ട്രസഭയുടെയും ഇടപെടലിനെത്തുടർന്ന് ജോർദാൻ ജൂൺ ഏഴിനു വെടിനിർത്തി. ഈജിപ്ത് എട്ടാംതീയതിയും സിറിയ ഒൻപതാംതീയതിയും വെടിനിർത്തൽ അംഗീകരിച്ചു. ഇസ്രയേൽ ഒരു ദിവസംകൂടികഴിഞ്ഞു പത്തിനു വെടിനിർത്തൽ പ്രഖ്യാപിച്ചു. ജൂൺ അഞ്ചുമുതൽ പത്തുവരെ മാത്രം നടന്നതുകൊണ്ട് ഈ യുദ്ധം ആറുദിനയുദ്ധമെന്നു ചരിത്രത്തിൽ അറിയപ്പെടുന്നു.


സാധാരണഗതിയിൽ, ഇതോടെ അറബ്‌രാഷ്ട്രങ്ങളുടെ ഇസ്രയേൽവിരോധത്തിനു ശമനമുണ്ടാകേണ്ടതാണ്. പക്ഷേ, സംഭവിച്ചതങ്ങനെയല്ല. ഓരോ പരാജയവും തങ്ങളുടെ കഴിവുകേടാണെന്നു സമ്മതിക്കാനുള്ള വിവേകം അവർക്കുണ്ടായില്ല. അതൊക്കെ ഇസ്രയേലിന്റെ കുതന്ത്രങ്ങളാണെന്നു വ്യാഖ്യാനിച്ചു തങ്ങളുടെ യുദ്ധപരാജയത്തെക്കൂടി ഇസ്രയേലിന്റെ തലയിൽക്കെട്ടിവയ്ക്കാനുള്ള മൗഢ്യമാണവർ പ്രകടിപ്പിച്ചത്. തുടരെ പരാജയപ്പെടുന്ന യുദ്ധങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന സമ്പത്തും മനുഷ്യവിഭവശേഷിയും രാജ്യത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി വിനിയോഗിക്കുകയല്ലേ വേണ്ടതെന്നു ചിന്തിക്കാനുള്ള തന്ത്രജ്ഞതയും അവർക്കു കൈമോശം വന്നുപോയി. ഊണിലും ഉറക്കത്തിലും ഒരു ചിന്തമാത്രം - ഇസ്രയേൽവിരോധം! അതു സ്വന്തം ജനതയിൽ ആളിക്കത്തിക്കാനായിരുന്നു അധികാരികൾക്കെന്നും താത്പര്യം.

> **തുടരെ പരാജയപ്പെടുന്ന യുദ്ധങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന സമ്പത്തും മനുഷ്യവിഭവശേഷിയും രാജ്യത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി വിനിയോഗിക്കുകയല്ലേ വേണ്ടതെന്നു ചിന്തിക്കാനുള്ള തന്ത്രജ്ഞത അറബ് രാഷ്ട്രങ്ങൾക്കു കൈമോശം വന്നു. ഊണിലും ഉറക്കത്തിലും ഒരു ചിന്തമാത്രം – ഇസ്രയേൽവിരോധം! അതു സ്വന്തം ജനതയിൽ ആളിക്കത്തിക്കാനായിരുന്നു അധികാരികൾക്കെന്നും താത്പര്യം.**

ഈ പ്രവണതയുടെ ദുരന്തമായിരുന്നു 1973 ലെ ഇസ്രയേൽ-അറബ് യുദ്ധം. ഇതിന്റെ പിന്നിൽ അമേരിക്കയുടെ ചില താത്പര്യങ്ങളും പ്രവർത്തിച്ചിരുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. 1967 ലെ ആറുദിനയുദ്ധത്തിൽ ഇസ്രയേൽ പിടിച്ചെടുത്ത പ്രദേശങ്ങൾ തിരികെക്കിട്ടുന്നതുവരെ എണ്ണയുത്പാദനം കുറയ്ക്കുമെന്ന് എണ്ണരാഷ്ട്രങ്ങൾ പ്രഖ്യാപിച്ചിരുന്നു. ഇതു യൂറോപ്പിലും അമേരിക്കയിലും വൻതോതിലുള്ള എണ്ണക്ഷാമത്തിനും പെട്രോളിയം ഉത്പന്നങ്ങളുടെ വിലക്കയറ്റത്തിനും കാരണമായി. 1972 ൽ രണ്ടാംതവണയും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതോടെ റിച്ചാർഡ് നിക്സൺ മധ്യപൂർവദേശത്തു സമാധാനം വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അദ്ദേഹത്തിന്റെ സുരക്ഷാ ഉപദേഷ്ടാവും സ്റ്റേറ്റ് സെക്രട്ടറിയുമായിരുന്ന ഹെൻറി കിസിഞ്ജറാണ് ഇത്തരം ശ്രമങ്ങളുടെ സൂത്രധാരത്വം വഹിച്ചത്. സോവ്യറ്റ് യൂണിയനും സമാധാനശ്രമങ്ങളിൽ അമേരിക്കയോടു സഹകരിച്ചു.

1948 ലെ അതിർത്തികളിലേക്ക് ഇസ്രയേൽ മടങ്ങിപ്പോകണമെന്നായിരുന്നു അറബ് രാഷ്ട്രങ്ങൾ ആവശ്യപ്പെട്ടത്. അതിനർഥം 1967 ലെ യുദ്ധത്തിൽ ഇസ്രയേൽ പിടിച്ചടക്കിയ പ്രദേശങ്ങൾ വിട്ടുകൊടുക്കണമെന്നാണല്ലോ. എന്നാൽ, മേലിൽ ആക്രമണമുണ്ടാവില്ലെന്ന ഉറപ്പു ലഭിച്ചാലല്ലാതെ ആ പ്രദേശങ്ങൾ വിട്ടുകൊടുക്കാനാവില്ലെന്ന നിലപാടിൽ ഇസ്രയേൽ ഉറച്ചുനിന്നു. സമാധാനചർച്ചകൾ എങ്ങുമെത്താതെ നീണ്ടുപോകുന്നതിനിടയിൽ ജോർദാൻ ഗോലാൻകുന്നിലും ഈജിപ്ത് സീനായ് ഉപദ്വീപിലും ഇസ്രയേൽസേനകളെ ആക്രമിച്ചു. 1973 ഒക്ടോബർ ആറിന് യോംകിപ്പൂർ ദിനത്തിലായിരുന്നു ഈ ആക്രമണം.

യഹൂദരുടെ അതിവിശുദ്ധദിനമണ് യോംകിപ്പൂർ. എല്ലാ ജോലികളിൽനിന്നും വിരമിച്ച് പ്രാർഥനയിലും ഉപവാസത്തിലും മാത്രം കഴിഞ്ഞുകൂടുന്നദിനം. അന്ന് അപ്രതീക്ഷിതമായുണ്ടായ ആക്രമണത്തിൽ ഇസ്രയേൽ ഒന്നു പകച്ചു. ഇസ്രയേൽ പരാജയപ്പെട്ടേക്കാമെന്നു ഭയപ്പെട്ട അമേരിക്ക പെട്ടെന്നുണർന്നു. ഇസ്രയേലിന്റെ പരാജയം അമേരിക്കയുടെ പരാജയം കൂടിയായിരിക്കും. അത്യാധുനിക ആയുധങ്ങളുമായി അമേരിക്കൻ വിമാനങ്ങൾ ഇസ്രയേലിലേക്കു പറന്നു. ആയുധനങ്ങളെത്തിയതോടെ യുദ്ധത്തിന്റെ ഗതിമാറി. സിനായ് പ്രദേശത്തുനിന്ന് ഈജിപ്തുസൈന്യം തോറ്റു പിന്മാറി. ഗോലാൻ കുന്നുകൾ തിരിച്ചുപിടിച്ച ഇസ്രയേൽ സിറിയയുടെ തലസ്ഥാനമായ ഡമാസ്കനടുത്തുവരെയെത്തി. അമ്പരന്നുപോയ അറബ് ലോകം സമാധാനശ്രമങ്ങൾ നടത്താൻ ഐക്യരാഷ്ട്രസഭയോട് അപേക്ഷിച്ചു.



*റിച്ചാർഡ് നിക്സൺ*

ഇതിനു ഫലമുണ്ടായി. അമേരിക്കയും സോവ്യറ്റ് യൂണിയനും ചേർന്നു വെടിനിർത്തൽ ആവശ്യപ്പെടുന്ന പ്രമേയം ഐക്യരാഷ്ട്രസഭയിൽ അവതരിപ്പിച്ചു. ആവശ്യം അംഗീകരിച്ചെങ്കിലും പിടിച്ചെടുത്ത സ്ഥലങ്ങളിൽനിന്നു പെട്ടെന്നു പിന്മാറാൻ ഇസ്രയേൽ തയ്യാറായില്ല. നിരന്തരമായ അന്താരാഷ്ട്ര സമ്മർദങ്ങളെത്തുടർന്ന് 1982 ൽ മാത്രമേ ആ പ്രദേശങ്ങൾ ഇസ്രയേൽ വിട്ടുകൊടുത്തുള്ളൂ.

*(തുടരും)*

# വിവാഹം വൈകിയാലും കുടുംബങ്ങൾ നിലനിൽക്കും



ജോർജ്ജ് കാടങ്കാവിൽ
ഡയറക്ടർ, ബെത്‌ലെഹം മാട്രിമോണിയൽ
9249392518

പ്രിയപ്പെട്ടവരേ, മക്കളുടെ വിവാഹം വൈകുന്നതിനു ഞാൻ ശ്രദ്ധിച്ചിരിക്കുന്ന ചില പ്രധാന ഘടകങ്ങളുണ്ട്.

**1.** ജീവിതത്തിന്റെ ലക്ഷ്യം പഠനത്തിലും ജോലിയിലും ലഭിക്കുന്ന ഉയർച്ചകളും നേട്ടങ്ങളും ലാഭങ്ങളും ആണെന്ന ധാരണ.

**2.** ജീവിത പങ്കാളിയോടും മറ്റു സഹജീവികളോടും ഇടപെടുമ്പോൾ, അസ്വസ്ഥതകൾ സൃഷ്ടിക്കാത്ത വിധം ഉചിതമായി എങ്ങനെ പെരുമാറണം എന്ന് അറിയില്ല, പഠിച്ചിട്ടില്ല.

**3.** ഏറ്റവും മികച്ചതു നേടിയെന്നു മറ്റുള്ളവരെ കാണിക്കാനുള്ള മത്സരം. അതിനുവേണ്ടി വിവാഹംപോലും അത്യാർഭാടകരമാക്കുന്നു. അതു കണ്ട് അന്ധാളിച്ചുപോകുന്ന അവിവാഹിതർ വിവാഹം ഒഴിവാക്കാൻ ഓരോ കാരണങ്ങൾ കണ്ടുപിടിക്കുന്നു.

**4.** അവരുടെ മാതാപിതാക്കളുടേതുൾപ്പടെ അവർ കണ്ടിരിക്കുന്ന കുടുംബങ്ങളിലെ, **'പ്രശ്നങ്ങൾ മാത്രം'** ശ്രദ്ധയിൽ പെടുകയും, അതുവഴി കുടുംബം എന്ന സങ്കൽപ്പത്തോടു താത്പര്യം കുറയുന്ന അവസ്ഥ.

**5.** ദൈനംദിന കാര്യങ്ങളിൽ മറ്റാരെയും ആശ്രയിക്കാതെ ജീവിക്കാമെന്ന നിലവിലെ ജീവിതാവസ്ഥ, വിവാഹത്തോടുകൂടി മാറുമോ? പിന്നെ എന്താകും? എന്നൊക്കെ മാറ്റങ്ങളെ നേരിടാനുള്ള ഭയം.

**6.** സ്വന്തം സ്വാതന്ത്ര്യം നഷ്ടപ്പെടുമോ, മറ്റൊരാളുടെ നിയന്ത്രണമോ, ഉത്തരവാദിത്വമോ തന്റെമേലാകുമോ എന്ന ഭയം.

**7.** ഇണയെ ആകർഷിക്കാനോ, തൃപ്തിപ്പെടുത്താനോ, ഒരു നല്ല പങ്കാളിയാകാനോ തനിക്കു സാധിക്കാതെ വരുമോ എന്ന പേടിയും ആത്മവിശ്വാസക്കുറവും.

ഇതോരോന്നിന്റെയും വിവിധ വശങ്ങളെക്കുറിച്ചു നിരവധി ലേഖനങ്ങൾ ബെത്‌ലെഹം വെബ്സൈറ്റിലെ എഡിറ്റോറിയൽ പേജിൽ കൊടുത്തിട്ടുണ്ട്.

www.bethlehemmatrimonial.com/editorial

**ആണും പെണ്ണും കരുത്തും ത്രാണിയും ജോലിയും**

പുരുഷനു കരുത്തും സ്ത്രീയ്ക്കു ത്രാണിയും ആണ് പ്രകൃതിദത്തമായി ലഭിച്ചിരിക്കുന്ന പ്രത്യേകതകൾ. കാലം പുരോഗമിച്ചപ്പോൾ കരുത്ത് ആവശ്യമായ പ്രവൃത്തികൾ ചെയ്യാൻ യന്ത്രങ്ങൾ നിലവിൽ വന്നു. അപ്പോൾ തൊഴിൽസ്ഥലങ്ങളിൽ കരുത്തിനേക്കാൾ അധികമായി, ത്രാണിക്ക് പ്രാധാന്യം വർദ്ധിച്ചു. തന്മൂലം, തൊഴിൽദാതാക്കൾ പുരുഷനേക്കാൾ ഉപരിയായി, സ്ത്രീകളെ ജോലിക്കു പരിഗണിക്കാൻ തുടങ്ങി. അങ്ങനെ സ്ത്രീയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമായി.

എങ്കിലും തൊഴിലുടമയെയും, അവരുടെ മാനേജർമാരെയും സംബന്ധിച്ചു, സ്ത്രീയുടെ വിവാഹം, ഗർഭധാരണം, കുട്ടികളെ പരിചരിക്കൽ തുടങ്ങിയ കടമകൾ, തൊഴിലിൽ ഇടവേളകളില്ലാതെ തുടരുന്നതിനുള്ള പരിമിതിയായി അനുഭവപ്പെടുന്നു. അതുകൊണ്ടായിരിക്കണം മിക്ക തൊഴിലിടങ്ങളിലും, വിവാഹത്തെയും, കുടുംബജീവിതത്തെയും നിരുത്സാഹപ്പെടുത്തുന്ന സംഭാഷണങ്ങളും സംഭവങ്ങളും നടക്കുന്നത്. വിവാഹമേ വേണ്ടെന്നു വച്ചിരിക്കുന്ന സ്ത്രീകൾക്ക് ജോലിയിലും, വരുമാനത്തിലും, മറ്റ് ആനുകൂല്യങ്ങളിലും കൂടുതൽ നേട്ടങ്ങൾക്കു സാദ്ധ്യതയുണ്ടത്രേ.

**പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഒരു പെൺകുട്ടി, തൊഴിലിൽ കാലുറച്ചശേഷം മതി വിവാഹം, എന്നു ചിന്തിക്കുന്നത് സ്വാഭാവികം. പക്ഷേ, തനിക്കു വിവാഹമേ വേണ്ട എന്ന നിലപാടെടുക്കുന്നത്, തൊഴിൽസ്ഥലത്തുള്ള ഇത്തരം വിവിധ പരിഗണനകൾ മൂലമാണ്.**

ജീവിക്കാൻ വേണ്ടിയല്ലേ ജോലി ചെയ്യുന്നത്? അല്ലാതെ, ജോലി ചെയ്യാൻവേണ്ടിയാണോ ജീവിക്കുന്നത്? എന്തിനാ ജീവിക്കുന്നത് എന്ന വ്യക്തമായ ധാരണ നിങ്ങളുടെ കുടുംബത്തിൽ ഉണ്ടായെങ്കിലേ, എങ്ങനെ ജീവിക്കണം, എപ്പോൾ വിവാഹം ചെയ്യണം, ആരെ വിവാഹം ചെയ്യണം, എന്നൊക്കെ തീരുമാനിക്കാൻ നിങ്ങൾക്കു സാധിക്കൂ.

ആണും പെണ്ണും ആയിട്ടാണ് സ്രഷ്ടാവ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ഒരു സ്ത്രീയും പുരുഷനും ചേർന്നാണ് നിങ്ങൾക്കു ജന്മം നൽകിയത്. ആണോ, പെണ്ണോ ആയിട്ടാണ് നിങ്ങൾ ജനിച്ചത്. ആണും പെണ്ണും കൂടിചേർന്ന് എല്ലാ വിധ അനുഭവങ്ങളും ആസ്വദിച്ചു ജീവിച്ച് കുഞ്ഞുങ്ങളെ സൃഷ്ടിച്ച് വംശം നിലനിർത്തി രംഗം ഒഴിയുകയാണ് മനുഷ്യജീവിതചക്രം. ഒരു വ്യക്തിക്ക്, അയാളുടെ ജനനം മുതൽ മരണം വരെ, ഈ ഭൂമിയിൽ ലഭിക്കുന്ന സമയം, ഒരു തുണയോടോ ഇണയോടോ ഒപ്പം ആസ്വദിക്കുന്നതാണ് കുടുംബജീവിതം. തൊഴിൽ എന്നത് ആ ജീവിതത്തിനാവശ്യമായ സാധനസാമഗ്രികൾ സംഘടിപ്പിക്കാനുള്ള ഉപജീവനമാർഗം മാത്രമാണ്.

സ്വന്തവും ബന്ധവും മക്കളും അതിന്റെയൊക്കെ പ്രാരബ്ധങ്ങളും ഇല്ലാതെ സർവസ്വതന്ത്രരായി ജീവിക്കാനാഗ്രഹിച്ച പലരും, എന്തെങ്കിലും അസുഖം വന്നു കുറച്ചു ദിവസം കിടപ്പിലാകുമ്പോഴോ, ഏതെങ്കിലും വിവാദത്തിലോ സംഘർഷത്തിലോ ഉൾപ്പെട്ട് ഒറ്റപ്പെടുമ്പോഴും മറ്റുമാണ്, തന്നെ അന്വേഷിക്കാനാരുമില്ല, കൂടെനിന്നു ധൈര്യം തരാൻ ആരുമില്ല, ഇത്ര കാലം ജീവിച്ചിരുന്നതിനൊരു പ്രയോജനവും ഇല്ലാതെ പോയി, എന്നൊക്കെ ചിന്തിക്കാനും നിരാശപ്പെടാനും ചിലപ്പോൾ സ്വയം മാറാനും ഇടയാകുന്നത്.

ഒരു ജീവിതപങ്കാളിയെ കണ്ടെത്തി, ആത്മാർത്ഥതയോടെ പെരുമാറി, എന്തിനും ഏതിനും കൂട്ടായി കൂടെനിൽക്കാനുള്ള സന്നദ്ധത പരസ്പരം വളർത്തിയെടുക്കാൻ, ക്ഷമയോടെ നിരന്തരം പരിശ്രമിക്കേണ്ടിവരും. പക്ഷേ പഠിച്ചു തൊഴിൽ നേടുന്നതിലും അധികം പ്രധാനമാണിത്. നിന്റെ യൗവനകാലത്തു ലഭിക്കുന്ന മക്കൾ നിന്റെ ആവനാഴിയിലെ അസ്ത്രങ്ങൾ പോലെയാണ് എന്നു മറക്കരുത്. ഇതൊക്കെ വിലയിരുത്തി, കരിയറിനും കുടുംബത്തിനും എത്ര പ്രാധാന്യം കൊടുക്കണമെന്നു, നിങ്ങൾക്കു തീരുമാനിക്കാം.


**എത്രയോ യാത്രാവിമാനങ്ങൾ ദിവസവും പറന്നു സുരക്ഷിതമായി ലക്ഷ്യങ്ങളിലെത്തുന്നു. അതൊന്നും വലിയ വാർത്തയാവുന്നില്ല. പക്ഷേ, വിമാനഅപകടങ്ങളെല്ലാം വലിയ വാർത്തയാകും, ഭയം സൃഷ്ടിക്കും. എങ്കിലും മനുഷ്യർക്ക് വിമാനയാത്ര ആവശ്യമുള്ളതിനാൽ വിമാനങ്ങൾ സേവനം തുടർന്നുകൊണ്ടിരിക്കുന്നു.**

**പ്രിയപ്പെട്ടവരേ, തകർച്ചകളുടെ വാർത്തകൾ കേട്ടു നിങ്ങൾ ഭയപ്പെടേണ്ട, നമ്മുടെ കുടുംബങ്ങളും നിലനിൽക്കും.**

സസ്നേഹം **ജോർജ്ജ് കാടങ്കാവിൽ**




Bethlehem Matrimonial.com
Bethlehem Center for Research and Family Development,
Kaloor, Kochi-17 73069 99539, 92493 92518
ADVT




# കൂട്ടു കൂടണോ! കൂടുകൂട്ടണോ!?

നിങ്ങളാരാണെന്നും മനുഷ്യരെന്താണെന്നും നിങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ –
നിങ്ങൾക്കൊരു കൂട്ടും കിട്ടില്ല – നിങ്ങളൊരു കൂടും കൂട്ടില്ല.

വിവാഹവും കുടുംബജീവിതവും നിരാകരിക്കുന്ന പ്രവണത നമ്മുടെ യുവജനങ്ങളിൽ ഇപ്പോൾ വർദ്ധിച്ചുവരുന്നു. ഒരു കംപ്യൂട്ടറോ മൊബൈലോ ഉപയോഗിച്ചല്ലാതെ, മനുഷ്യരോട് നേരിട്ടിടപെടേണ്ടിവരുന്നത് ഇന്നത്തെ ചെറുപ്പക്കാരെ അസ്വസ്ഥരാക്കുന്നു. അത്തരം ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിഞ്ഞുമാറാൻ അവർ വാസ്തവമല്ലാത്ത കാരണങ്ങൾപോലും കണ്ടുപിടിച്ച് മറ്റുള്ളവരെയും തെറ്റിദ്ധരിപ്പിക്കുന്നു.

ഇതിന്റെ ഒരു പ്രധാന കാരണം, മറ്റുള്ളവരോട് ഇടപെടുമ്പോൾ സംഭവിക്കുന്ന അസ്വസ്ഥതകൾ എങ്ങനെ ഒഴിവാക്കാമെന്നും, ആ സാഹചര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നും അവർക്ക് അറിഞ്ഞു കൂടാ, എന്നാണ് എന്റെ അനുഭവം.


സഹജീവികളുടെ സ്വഭാവവിശേഷങ്ങൾ നമ്മുടെ യുവജനങ്ങളെ പഠിപ്പിക്കുക എന്നതാണ് ഒരു പരിഹാരം. അതിനായി ബെത്‌ലെഹം ആരംഭിച്ചിരിക്കുന്ന പുതിയ പരിശ്രമങ്ങൾ ആണ് ട്രാൻസാക്ഷണൽ അനാലിസിസ്സ് ശില്പശാലകൾ.
ഈ ശില്പശാലയിലെ വിഷയങ്ങൾ ആണ് സഹജീവികളുടെ സ്വഭാവവിശേഷങ്ങൾ എന്ന പുതിയ ഗ്രന്ഥം.

ഇതു വായിച്ച് ഇതിലെ ആശയങ്ങൾ മനസ്സിലാക്കി പരിശീലിക്കേണ്ടതും, പ്രചരിപ്പിക്കേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നു ഞാൻ കരുതുന്നു.

ഇതു വായിച്ച്, ഈ വിഷയങ്ങളെക്കുറിച്ച് കൂടുതൽ അറിവു നേടുന്നതും, താങ്കളുടെ കുടുംബത്തിലും കൂട്ടായ്മകളിലും ഇടവകയിലും ജോലിസ്ഥലങ്ങളിലും ഈ തത്വങ്ങൾ പ്രചരിപ്പിക്കുന്നതും ഈ സാമൂഹ്യപ്രശ്നത്തെ മറികടക്കാൻ ഏറെ സഹായകരമാകും. അതിനായി അവിടെ ക്ളാസ്സുകൾ നടത്തുമെങ്കിൽ ഞാനും സഹകരിക്കാം.

ബെത്‌ലെഹം നടത്തിവരുന്ന TA-TB ശില്പശാലകളിൽ പങ്കെടുക്കാൻ നിങ്ങളുടെ മക്കളെയും പ്രോത്സാഹിപ്പിക്കുമല്ലോ. സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള അങ്ങയുടെ നല്ല മനസ്സിന് ഒത്തിരി നന്ദിയോടെ,

സസ്നേഹം



രചന
**ജോർജ്ജ് കാടങ്കാവിൽ**
ഡയറക്ടർ, ബെത്‌ലെഹം മാട്രിമോണിയൽ

BOOK PREVIEW

## ഇതു പഠിച്ചുവേണം
## ഏതു ജോലിക്കും പോകാൻ!
## ഇതു പഠിക്കാതെ വിവാഹം ചെയ്യരുത്!

Price: ₹ 700/- For your copies, contact Bethlehem Publications 6282 662 458

## വിവാഹാലോചനകൾക്ക് ഒരു പുത്തൻ സംസ്കാരം
## ബെത്‌ലെഹം മാട്രിമോണിയൽ

Bethlehem Matrimonial.com

Bethlehem Center for Research and Family Development,
Kaloor, Kochi-17 73069 99539, 92493 92518

ADVT

അസാമാന്യകരുത്തുള്ളവളായിട്ടും ജീനായുടെ മരണക്കുറിപ്പ് നിവർത്തിയപ്പോൾ ഷേർലിയുടെ വിരലുകൾ വിറച്ചു.

പ്രിയപ്പെട്ട റോണിക്ക്,

എത്ര നിസ്സാരമായ കാര്യത്തിനാണ് ഇന്നു നമ്മൾ പിണങ്ങിയത്. വാക്കുകളിൽ എന്നെ തോല്പിക്കാൻ റോണി പറഞ്ഞ കാര്യം ഒത്തിരി നോവിച്ചു. തളർത്തി. പിന്നെ ആലോചിച്ചപ്പോൾ റോണിയുടെ ഭാഗമാണു ശരിയെന്നു ബോധ്യപ്പെട്ടു. മനോരോഗിയായ ഒരാളുടെ മകളെ ആത്മാർത്ഥമായി സ്നേഹിച്ചതും കുടുംബക്കാരുടെ എതിർപ്പു വകവയ്ക്കാതെ വിവാഹം കഴിച്ചതും ഇന്നുവരെ ഒന്നിച്ചു ജീവിച്ചതും വലിയ ത്യാഗമാണ്. ഇനിയെങ്കിലും റോണിക്ക് എന്നിൽനിന്നും ഒരു മോചനം വേണം. ഈ ലോകത്ത് റോണിയോടൊപ്പമല്ലാത്ത ജീവിതം എനിക്കസാധ്യവുമാണ്. അതുകൊണ്ടു ഞാൻ പോകുന്നു. ജീവിതത്തിൽ റോണിക്കു പുതിയ ഭാഗ്യങ്ങളുണ്ടാകാൻ പ്രാർത്ഥിക്കുന്നു. ഉമ്മ.

ഒരിക്കലും തീരാത്ത സ്നേഹത്തോടെ, ജീനാ.

സങ്കടം കടിച്ചമർത്തിക്കൊണ്ട് ഷേർലി, കത്തുമടക്കി.

"ഈ കത്ത് പോലീസിന്റെ കൈയിൽ കിട്ടിയാൽ അതു പിന്നീട് റോണിക്കു ദോഷമാകും." ഷേർലി പറഞ്ഞു.

"നമ്മളിതെന്തു ചെയ്യണം? നശിപ്പിക്കുന്നതാണോ നല്ലത്?" അരുൺ ഷേർലിയെ ഉറ്റുനോക്കി.

"അതു വേണ്ട. എന്തായാലും കേസുണ്ടാകും. ജീനായുടെ ബ്രദർ ആരോപിക്കുന്നത് ആത്മഹത്യയല്ല, കൊലപാതകമാണെന്നാണ്. കൊലപാതകമല്ലെന്നു തെളിയിക്കാൻ ഈ കുറിപ്പ് സഹായിച്ചേക്കും." ഷേർലി പറഞ്ഞു.

മുറിയുടെ വാതിൽ തുറന്നുകിടന്നിരുന്നത് വലിയ സംശയത്തിനിടയാക്കുന്നുണ്ട്. അങ്ങനെയൊരാളും ആത്മഹത്യ ചെയ്യില്ലെന്നാണ് എല്ലാവരും പറയുന്നത്." അരുൺ സൂചിപ്പിച്ചു.

"റോണി വീട്ടിലുണ്ടായിരുന്നില്ലല്ലോ. അവൻ ഓഫീസിലുണ്ടായിരുന്നതിന് വ്യക്തമായ തെളിവുണ്ട്. മരണം പതിനൊന്നിനും പന്ത്രണ്ടിനുമിടയിലാണെന്നാണ് ആശുപത്രിറിപ്പോർട്ട്." ഷേർലി പറഞ്ഞു.

"നമുക്കൊന്നും തീർച്ചപ്പെടുത്താൻ പറ്റില്ല. ഈ കത്തുതന്നെ ജീനാ എഴുതിയതാണെന്നു തീർത്തുപറയാൻ പറ്റുമോ? അന്വേഷണം വഴിതിരിച്ചുവിടാൻ ചെയ്ത പണിയാകാമല്ലോ." അരുൺ സംശയിച്ചു.

"തൽക്കാലം കത്ത് കണ്ടെടുത്തയാളിന്റെ കൈയിൽ സുരക്ഷിതമായിരിക്കട്ടെ. നമുക്ക് എത്രയും പെട്ടെന്ന് നല്ല ഒരു അഡ്വക്കേറ്റിനെ കാണണം. അദ്ദേഹത്തിന്റെ അഭിപ്രായംകൂടി കേട്ടിട്ട് എന്തായെങ്കിലും ചെയ്യാം."

ഷേർലി അത് അരുണിനെ തിരിച്ചേല്പിച്ചു. അരുൺ ഷേർലിയുടെ കൈയിൽനിന്നു കാറിന്റെ കീ വാങ്ങി വിവേകിന്റെ നാട്ടിലേക്കു യാത്ര തിരിച്ചു.

ജീനാ ഒടുവിലെഴുതിയ കത്തിലെ ഓരോ വാക്കുകളും അഗാധസ്നേഹത്തിന്റെ പ്രതിഫലനങ്ങളാണല്ലോയെന്ന് ഷേർലി ഓർത്തു. അവസാനം പ്രിയപ്പെട്ടവന് ഒരുമ്മകൂടി കൊടുത്തിട്ടാണവൾ മരണതീരത്തേക്കു കടന്നുപോയത്. എന്തിനായിരുന്നു തമ്മിലുള്ള കുഞ്ഞുപിണക്കമെന്നു വ്യക്തമാകുന്നില്ല. റോണിയുടെ നാവിൽനിന്നു തീയുണ്ടപോലെ അവളുടെ ഹൃദയത്തിലേക്കു വർഷിക്കപ്പെട്ട വാക്കുകൾ അപ്പന്റെ മനോരോഗത്തെ ബന്ധപ്പെടുത്തിയുള്ളതായിരിക്കും. ഭ്രാന്തൻ ജോസിന്റെ മകളെന്ന വിശേഷണം പലരിൽനിന്നും ജീനാ കേൾക്കേണ്ടി വന്നിരിക്കാം. പക്ഷേ, പ്രാണനേക്കാൾ സ്നേഹിച്ചവനിൽനിന്നും അതുണ്ടായപ്പോൾ പാവം തകർന്നുപോയി. ഇപ്പോൾ റോണി നീറുകയാണ്. നൊന്തുപിടയുകയാണ്. അരുതായിരുന്നു. അത് ഒരിക്കലും പറയരുതായിരുന്നെന്ന് ആയിരം തവണ മനസ്സിൽ പറയുന്നുണ്ടാവും. ജീനായെഴുതിയ കത്ത് അവർ ഒരിക്കലും വായിക്കാനിടയാകാതിരിക്കട്ടെ. അതിലെ ഉള്ളടക്കംപോലും അവനറിയാൻ പാടില്ല. ഷേർലി ഷോൾ കൊണ്ട് മുഖത്തെ വിയർപ്പുകണങ്ങളൊപ്പി. മുഖത്ത് ഒരു പ്രസാദഭാവം വരുത്താൻ പാടുപെട്ടുകൊണ്ട് ഷേർലി റോണിയുടെ അരികിലേക്കു ചെന്നു.

"ഷേർലിച്ചേച്ചീ..." റോണി തളർന്ന ശബ്ദത്തിൽ വിളിച്ചു.

"എന്താടാ, കുടിക്കാനെന്തെങ്കിലും?"

"വേണ്ട. അരുണും വിവേകും പോയി...അല്ലേ?"

"പോയി. വിവേകിന്റെ അപ്പൻ മരിച്ചുപോയ വിവരം നീയറിഞ്ഞോ?"

"ഇല്ല. ആരും പറഞ്ഞില്ലല്ലോ."

"ഈ സാഹചര്യത്തിൽ അവർക്കു പോകാതിരിക്കാനാവില്ലല്ലോ. എന്തായാലും നിന്റെ നല്ല കൂട്ടുകാർ ഇത്രയും നേരം നെനക്കു ധൈര്യം പകർന്ന് കൂടെയുണ്ടായി. വെഷമിക്കാതെ. ഇനി ഞാനുണ്ടല്ലോ ഇവിടെ."

"ജീനാ... എത്ര പാവമായിരുന്നു? എന്തുമാത്രം സ്നേഹമായിരുന്നു അവൾക്കെന്നോട്? അവൾ നല്ല സുന്ദരിയുമായിരുന്നില്ലേ? പാട്ടുകാരിയായിരുന്നില്ലേ? എനിക്കിഷ്ടമുള്ളതെല്ലാം ഉണ്ടാക്കിത്തരുമായിരുന്നു. എനിക്കുള്ള ഷർട്ടും പാന്റുമൊക്കെ സെലക്ട് ചെയ്യുന്നത് ജീനായായിരുന്നു..." ഇങ്ങനെയോരോന്നു പറഞ്ഞ് റോണി പൊട്ടിപ്പൊട്ടിക്കരഞ്ഞു.




നോവൽ 3

# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

അവൻ പറയുകയും കരയുകയും ചെയ്യട്ടെ എന്നു വിചാരിച്ച് നിശ്ശബ്ദയായി ഷേർലി ബെഡ്ഡിൽ അവനോടു ചേർന്നിരുന്നു. റോണിയുടെ നെറുകയിൽ മെല്ലെ തലോടുകയും ചെയ്തു. ആശ്വാസവാക്കുകൾ വെറും പാഴ്വാക്കുകളായേക്കാം. അപ്പോൾ ഷേർലിയുടെ ഫോൺ ശബ്ദിച്ചു. അവൾ അതു ചെന്നെടുത്തു.



ലൈനിൽ അമ്മയാണ്.

"ഹലോ... അമ്മേ..."

"മോളേ, അവന്റെ... റോണീടെ അവസ്ഥയെന്താടീ..."

"വലിയ വെഷമത്തിലാ. ജീനായെ കാണാൻ പോണമെന്നു പറഞ്ഞ് പ്രശ്നമുണ്ടാക്കി. അവന്റെ കൂട്ടുകാര് കഷ്ടപ്പെട്ട് പിടിച്ചു നിർത്തി. ഒന്നും കഴിക്കുന്നില്ല."

"അടുത്തുനിന്നു മാറാതെ ശ്രദ്ധിച്ചോണേ മോളെ. ഒട്ടും മനക്കട്ടിയില്ലാത്ത ചെറുക്കനാ."

ഫോൺസംഭാഷണം റോണി കേൾക്കാതിരിക്കാൻ ഷേർലി അവന്റെയരികെനിന്നു മാറിപ്പോയി.

"മനക്കട്ടിയുള്ള ഒരാളുണ്ടല്ലോ നമ്മുടെ വീട്ടിൽ. മകന്റെ കാര്യം പറയുന്നുണ്ടോ?"

"ഇവിടെയെന്റെ പെണ്ണേ, വല്യ ആഘോഷമാ നടക്കുന്നെ. രാവിലെ തുടങ്ങിയ കുടീം തീറ്റേം ഇതുവരെ കഴിഞ്ഞിട്ടില്ല.

"എന്തായാലും എല്ലാവരും കൂടെ മനുഷ്യനു പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയുണ്ടാക്കിയിരിക്കുകയാ. പപ്പായുടെ കുടിയും കൂത്താട്ടോം ആരോ ഒരുത്തൻ രഹസ്യത്തിൽ വീഡിയോ പിടിച്ച് ചാനലുകാർക്കു കൊടുത്തു. മരുമകളുടെ മരച്ചടക്കു നടക്കുമ്പം കെട്ടിയവന്റെ അപ്പൻ അർമാദിക്കുന്നത് സകലജനവും കണ്ടു. ഈ അപ്പന്റെ മകനാണെങ്കിൽ അവൻ തന്നെയാണാ പെൺകൊച്ചിനെ കൊന്നതെന്നൊക്കെയാ ആളുകളു പറയുന്നത്.

"കൂട്ടുകാരായിട്ട് വിശ്വസിക്കാൻ കൊള്ളാവുന്ന ഒറ്റയൊരുത്തനില്ല നിന്റെ പപ്പയ്ക്ക്. ഒന്നിച്ചു കുടിച്ചവന്മാരുതന്നെയായിരിക്കും വീഡിയോ പിടിച്ച് ചാനലുകാർക്കു കൊടുത്തത്."

"നമ്മടെ കുടുംബം ഇതോടെ തീരും മോളെ. റോണിക്കെതിരെ ജീനായുടെ ആങ്ങള കേസു കൊടുത്തിട്ടൊണ്ടെന്നൊക്കെ കേട്ടല്ലോ?"

"കേസും ചോദ്യം ചെയ്യലും അറസ്റ്റും ഒക്കെ പേടിക്കണം."

"നിന്റെ പപ്പാ അതേക്കുറിച്ചൊന്നും ചിന്തിക്കുന്നതേയില്ലടീ. അങ്ങേരടെ ഏറ്റവും വലിയ ശത്രു മകനാ. അവന്റെ നാശത്തിൽ സന്തോഷിക്കുകാ. വേണമെങ്കിൽ കേസിലൊക്കെ റോണിയെ രക്ഷിക്കാനുള്ള പിടിപാടൊക്കെ നിന്റെ പപ്പയ്ക്കുണ്ട്. പക്ഷേ, ചെറുവിരലനക്കുകേല."

"എനിക്കു പറ്റുന്നതുപോലെയൊക്കെ ഞാനവനെ സഹായിക്കും. തനിയെ കഴിയാറാകുംവരെ അവന്റെയൊപ്പം താമസിക്കുകയും ചെയ്യും. അമ്മേ, ഞാനിപ്പം ഫോൺ വയ്ക്കുകാ. റോണി വിളിക്കുന്നുണ്ട്." ഷേർലി ഫോൺ കട്ടാക്കി. വേഗം റോണിയുടെയടുത്തേക്കു ചെന്നു. അവനപ്പോൾ ബെഡ്ഡിൽ എഴുന്നേറ്റിരിക്കുകയാണ്. മുഖത്ത് ഒരു പ്രസന്നഭാവമാണിപ്പോൾ.

"ഷേർലിച്ചേച്ചി വന്നിവിടെയിരിക്ക്. എന്റടുത്ത്. ഒരു കാര്യം പറയാനാ."

ഷേർലി അതനുസരിച്ചു.

"ഞാൻ... ഞാനവളെ കണ്ടു ചേച്ചീ... എന്റെ ജീനായെക്കണ്ടു. അവളെന്റെയടുത്തു വന്നിരുന്നു. ആകാശത്ത് വെൺമേഘങ്ങൾക്കിടയിൽനിന്ന് വെള്ളിച്ചിറകുകൾ വീശി പറന്നുവരുകയായിരുന്നു. എന്നെ വിളിച്ചു. ആകാശത്തിലെ വർണ്ണക്കാഴ്ചകൾ കണ്ട് പറന്നുയരാൻ... ഞാൻ മടിച്ചപ്പോൾ ബലമായി കൈപിടിച്ചുയർത്തി. അപ്പോൾ, എനിക്കും ചിറകുകൾ മുളച്ചു. ഞങ്ങൾ രണ്ടും ഒന്നിച്ചു പറന്നുയർന്നു. ഞങ്ങൾ വലിയ സന്തോഷത്തിലായിരുന്നു. ഇന്നോളം അനുഭവിക്കാത്ത ആനന്ദാനുഭൂതിയിൽ ലയിച്ച് കൂടുതൽ ഉയരങ്ങളിലേക്കു പറക്കുകയാണ്. ഞങ്ങൾക്കൊപ്പം ഒത്തിരി പൂത്തുമ്പികളും പൂമ്പാറ്റകളുമുണ്ട്. പെട്ടെന്ന് ഞെട്ടിയുണർന്നു. ജീനാ... മരിച്ചിട്ടില്ല... അവൾ ഇപ്പോഴും എന്നൊടൊപ്പമുണ്ട് ചേച്ചീ."

ഷേർലി വാത്സല്യത്തോടെ റോണിയുടെ നെറുകയിൽ തലോടി.

"നെനക്ക്... വിശക്കുന്നുണ്ടോ?"

"ഇല്ല."

"കുടിക്കാൻ ചായയോ മറ്റോ വേണോ?"

"ഒന്നും വേണ്ട ഷേർലിച്ചേച്ചീ."

"ഇന്നലെ രാത്രി ഒട്ടും ഉറങ്ങിയതല്ലല്ലോ. കിടന്ന് ഉറങ്ങാൻ നോക്ക്. ചിലപ്പോൾ ഇനിയും നല്ല സ്വപ്നങ്ങൾ കാണാൻ കഴിഞ്ഞേക്കും." ഷേർലി പറഞ്ഞു.

** ** **

രാവിലെ മേടയ്ക്കൽ ബംഗ്ലാവിന്റെ സിറ്റൗട്ടിലെ തന്റെ വിശിഷ്ടമായ കസേരയിലിരുന്ന് പത്രം വായിക്കുകയാണ്, മാത്തുക്കുട്ടി. തലേന്നത്തെ അമിതമായ ആഘോഷത്തിന്റെ ആലസ്യം മുഖത്തുണ്ട്. ജീനായുടെ ശവസംസ്കാരത്തിനും അനുബന്ധ വാർത്തകൾക്കും വലിയ പ്രാധാന്യമാണ് പത്രം കൊടുത്തിരിക്കുന്നത്. രാഷ്ട്രീയ - സാമൂഹിക - സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരെല്ലാംതന്നെ സംസ്കാരച്ചടങ്ങിൽ പങ്കെടുത്തതായി വാർത്തയിലുണ്ട്.

"ജീനാ ജോസിന് ആയിരങ്ങളുടെ അന്ത്യാഞ്ജലി! ഭർത്താവും കുടുംബാംഗങ്ങളും സംസ്കാരച്ചടങ്ങിൽനിന്നു വിട്ടുനിന്നു." വാർത്തയുടെ തലക്കെട്ട് അങ്ങനെയാണ്. ഉൾപ്പേജിലുള്ള മറ്റൊരു വാർത്തയിലും ചിത്രത്തിലും മേടയ്ക്കൽ മാത്തുക്കുട്ടിയുടെ നോട്ടമെത്തി.

"ജീനായുടെ മരണത്തിൽ ദുരൂഹത.

കൊലപാതകമാണെന്ന സംശയം ബലപ്പെടുന്നു."

പ്രസ്തുത വാർത്തയിൽ, തന്നെയാണ് പ്രതിസ്ഥാനത്തു നിർത്തിയിരിക്കുന്നതെന്നു കണ്ടപ്പോൾ അയാളുടെ നെറ്റിയിൽ വിയർപ്പു പൊടിഞ്ഞു.

പത്രം മടക്കി ടീപ്പോയിലേക്കിട്ടു. ടർക്കിത്തോർത്തുകൊണ്ട് മുഖം തുടച്ചു.

അപ്പോൾ ചായയുമായി മേരിക്കുട്ടി അങ്ങോട്ടെത്തി.

"അച്ചായാ... ചായ. പതിവു ഭവ്യതയോടെ മേരിക്കുട്ടി അരികെനിന്നു. കൈയിൽ വാങ്ങിക്കുകയായിരുന്നു പതിവ്. അതുണ്ടായില്ല.

*ശേഷം 14-ാം പേജിൽ*



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും 16

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

"ചേട്ടാ, എനിക്കും ടോയ്ലെറ്റിൽ പോകണം."

"ഇതു നിനക്കു നേരത്തേ പറയാൻ പാടില്ലായിരുന്നോ, ഇങ്ങനെ ആടിത്തൂങ്ങി പോയാൽ, ഇന്നെങ്ങും അമ്പലവയൽ എത്തില്ല."

അയാൾ പറയുന്നതു ശ്രദ്ധിക്കാതെ ഐവാൻ ടോയ്ലെറ്റിലേക്ക് ഓടിപ്പോയി. "നീ എന്തിനാ ആ ബാഗുംകൊണ്ടു പോകുന്നത്, അതിങ്ങു താ... ഞാൻ വണ്ടിയിൽ വെക്കാം."

ബാഗ് കൊടുക്കാതെ അവൻ പോയിട്ട് തിരികെവന്നു.

വണ്ടി പിന്നെയും മുമ്പോട്ടു പോയി. ഇടയ്ക്ക് ഐവാൻ ഉറങ്ങി, പ്രസാദിന്റെ തോളിലേക്കു വീണു. ബിനോയ് രണ്ടുപേരെയും കണ്ണാടിയിൽക്കൂടെ ശ്രദ്ധിച്ചുകൊണ്ട് വണ്ടി ഓടിച്ചു.

തൃശൂർ എന്ന ബോർഡ് കടന്നു വണ്ടി കുറെ കിലോമീറ്റർ മുമ്പോട്ടുപോയി.

അധികം തിരക്കില്ലാത്ത ഒരിടത്ത് അയാൾ വണ്ടി നിർത്തിയിട്ടു പറഞ്ഞു:

"നിങ്ങൾക്കു വിശപ്പില്ലേ പിള്ളേരെ? എനിക്കു വിശക്കുന്നു, വാ നമുക്ക് ഇവിടെ കഴിക്കാം."

ബാഗും എടുത്തു പുറത്തേക്കിറങ്ങിയപ്പോൾ ബിനോയ്:

"നീ എന്തിനാ ഈ ബാഗും കെട്ടിപ്പിടിച്ചു നടക്കുന്നത്, അത് അവിടെവെച്ചിട്ടു വേഗം വാ... നിങ്ങളെ നല്ലപോലെ നോക്കണമെന്നാണ് മുരളിച്ചേട്ടൻ പറഞ്ഞത്, ഭക്ഷണം ഞാൻ വാങ്ങിത്തരാം."

മനസ്സില്ലാമനസ്സോടെ, ബാഗ് കാറിൽവച്ച് അവർ ഭക്ഷണം കഴിക്കാനിനിറങ്ങി.

കുട്ടികൾ ഭക്ഷണം കഴിച്ചു തീരുന്നതിനുമുമ്പേ ബിനോയ് കഴിച്ചുതീർത്തു, പൈസയും കൊടുത്ത്, ഒരു സിഗരറ്റ് വാങ്ങി കത്തിച്ച് പുറത്തേക്കിറങ്ങി.

രണ്ടുപേരും കഴിച്ചു കൈകഴുകി വന്നപ്പോൾ, കാറിന്റെ അടുത്ത്, ബിനോയ് നില്പുണ്ട്.

കാറ് കുറച്ചു ദൂരെയാണ് ഇട്ടിരിക്കുന്നത്, അവർ അതിലേക്കു നടക്കാൻ തുടങ്ങിയപ്പോൾ, അയാൾ കാർ ഓടിച്ചുപോയി.

എന്താണു സംഭവിച്ചതെന്ന് പെട്ടെന്നു മനസ്സിലായില്ല, കാർ തിരിച്ചുനിർത്താനാണോ എന്നു തോന്നി. പക്ഷേ, അയാൾ സ്പീഡിൽ വണ്ടി ഓടിച്ചു പോയി. അതു കൺമുമ്പിൽനിന്നു മറഞ്ഞു.

കുട്ടികൾ രണ്ടുപേരും, ആ കാറിന്റെ പിറകേ കുറച്ചു സമയം ഓടി, തളർന്നു റോഡിന്റെ സൈഡിൽ ഇരുന്നു, ചുറ്റുപാടും വിജനമായിരുന്നു.

ഐവാൻ വാവിട്ടു കരയാൻ തുടങ്ങി.

"ചേട്ടാ എനിക്കു പേടിയാകുന്നു."

"നീ ഇങ്ങനെ കരയാതെ, മാലാഖമാരെ വിളിച്ചു പ്രാർഥിക്കൂ, നീയല്ലേ പറഞ്ഞത്, നിങ്ങളു കൂട്ടുകാരാണെന്ന്."

"പക്ഷേ, അവര് ഇവിടെ ഇല്ലല്ലോ?"

അപ്പോളാണ് പ്രസാദ് ഒരു കാര്യം ശ്രദ്ധിച്ചത്. റോഡരികിൽ താമരശ്ശേരി എന്ന ബോർഡ്.

"ഐവാനേ ഇതു വയനാടിനുള്ള വഴിതന്നെയാണ്, നമുക്കു ബസ്സിൽ കയറി പോകാം."

"ബസ്സിനു ടിക്കറ്റ് എടുക്കാൻ പൈസ?"

പ്രസാദ് തലയിൽ കൈവച്ചിരുന്നു. അമ്മൂമ്മയോടു കള്ളം പറഞ്ഞതുകൊണ്ടായിരിക്കും ഇങ്ങനെയൊക്കെ സംഭവിച്ചത്.

"ദൈവമേ, ഇനി എന്തു ചെയ്യും?"

മുരളിച്ചേട്ടന്റെ നമ്പർ എഴുതിയ കടലാസും ബാഗിലായിപ്പോയി.

'നമുക്കു പോലീസ്സ്റ്റേഷനിൽ പോയാലോ?" പ്രസാദ് ചോദിച്ചു.

"വേണ്ട. അവരു നമ്മളെ വഴക്കുപറയും. പിന്നെ ഒരു കമ്പില്ലേ അവരുടെ കൈയിൽ. അതുവെച്ച് അടിക്കും."

"ലാത്തിയോ?"

"അതു തന്നെ."

"ഐവാനേ, നമ്മൾ ഇനി എന്തുചെയ്യും?"

കൈയിൽകിടക്കുന്ന വാച്ചിൽ നോക്കിയിട്ടു പറഞ്ഞു:

"മണി മൂന്നാകുന്നു, നാലുമണിക്കു സ്കൂൾവിടും, റ്റ്യൂഷൻ അഞ്ചരയ്ക്കു കഴിയും, അപ്പോൾ നമ്മൾ തിരികെയെത്തില്ല. വീട്ടിൽ നമ്മളെ അന്വേഷിക്കാൻ തുടങ്ങും നമ്മളിനി എന്തുചെയ്യും?"

രണ്ടുപേരും റോഡിന്റെ സൈഡു ചേർന്നു മുന്നോട്ടു നടന്നു.

"ചേട്ടാ, എന്റെ കാലു വേദനിക്കുന്നു." ഐവാൻ പറഞ്ഞു.

"എന്റെയും."

ബസ്സുകൾ, കാറുകൾ, ഓട്ടോ, ബൈക്ക് ഇവയെല്ലാം നല്ല വേഗത്തിൽ അവരെ കടന്നുപോയി.

ഒരുവിധത്തിൽ രണ്ടുപേരും നടന്ന്, അടുത്തുള്ള കവലയിൽ എത്തി. അതൊരു ബസ്സ്റ്റോപ്പ് ആയിരുന്നു. വെയ്റ്റിങ് ഷെഡിൽ രണ്ടു സ്ത്രീകൾ ഇരിക്കുന്നു.

പ്രസാദ് അവരിൽ ഒരാളോടു ചോദിച്ചു:

"അമ്പലവയലിനുള്ള ബസ് ഇവിടെ നിർത്തുമോ?"

'ഇവിടെനിന്നു നേരിട്ടു ബസ്സില്ല അവിടേക്ക്. സുൽത്താൻ ബത്തേരിയിൽ ചെന്നിട്ട് അവിടെനിന്നു പോകണം. നിങ്ങൾ തനിച്ചാണോ?" അവരു ചോദിച്ചു.

"അതേ, ഞങ്ങൾക്ക് അമ്പലവയലിനു പോകണം, അവിടുത്തെ പുതിയ പള്ളിയിൽ."

"എന്തിനാ തനിച്ചു പള്ളിയിൽ പോകുന്നത്?"

'ഞങ്ങളുടെ അമ്മാച്ചൻ അച്ചൻ അവിടെയുണ്ട്."

പ്രസാദ് തന്നത്താൻ ഓർത്തു: എത്ര പെട്ടെന്നാണ്, നുണ വായിൽ വരുന്നത്. ആന്റിയെ കണ്ടിട്ട്, നല്ല ആളാണെന്നു തോന്നുന്നു, അവൻ അവരോടു പറഞ്ഞു:

"ഞങ്ങളുടെ ബാഗ് കളഞ്ഞുപോയി, അവിടെ വരെ എത്താൻ ഒരുപാട് പൈസ ആകുമോ?"

"ഒരാൾക്ക് 120 ആകും."

കാലുവേദന, ദാഹം, പേടി, ഇതെല്ലംകൊണ്ട് ഐവാൻ അവിടെയിരുന്നു കരയാൻ തുടങ്ങി.

"മോൻ എന്തിനാ കരയുന്നത്?" അവർ ചോദിച്ചു.

അതിനു മറുപടി പറയാതെ, അവൻ പിന്നെയും ഉച്ചത്തിൽ കരയാൻ തുടങ്ങി.

പ്രസാദും ആന്റിയും ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൻ കരച്ചിൽ നിർത്തിയില്ല.

""പൈസ പോയി, വീട്ടിൽ വഴക്കു പറയും. അതാണ് അവൻ കരയുന്നത്. അവന്റെ കാലിനും വേദനയുണ്ട്."

"എന്താ മോന്റെ പേര്?" അവരു ചോദിച്ചു.

"ഐവാൻ. വീട്ടിൽ പിങ്ക്ളാങ്കി എന്നു വിളിക്കും."

"അതു കൊള്ളാമല്ലോ. നല്ല പേര്, മോൻ കരയാതെ, പൈസ പോയതിന് അമ്മ വഴക്കൊന്നും പറയില്ല."

"ചേട്ടന്റെ പേരെന്താ?"

"പ്രസാദ്."

"രണ്ടുപേരും വിഷമിക്കാതെ, ഫോൺനമ്പർ തരൂ, ഞാൻ വീട്ടിൽ വിളിക്കാം..."

"നമ്പർ കാണാതെ അറിയില്ല, നമ്പർ എഴുതിയ ബുക്കും ആ ബാഗിൽ ആയിരുന്നു."

"നിങ്ങളുടെ വീട് എവിടെയാണ്?"

"കുടമാളൂർ."

"അത് എവിടെയാണ്?"

"കോട്ടയം അടുത്താണ്."

"ഇത്രയും ദൂരെനിന്നുമാണോ ഇവിടെ വന്നത്? ശരിക്കും അമ്പലവയലിനുതന്നെ ആണോ പോകേണ്ടത്?"

"അതെ, അവിടെ മാലാഖമാരുടെ ഒരു പള്ളിയുണ്ട്."

"ഞാൻ ന്യൂസ് കണ്ടിരുന്നു, അതിനെക്കുറിച്ച്. പുതിയ ദേവാലയമാണല്ലേ?"

"അതെ."

"മക്കളു കരയാതെ, ഞാനും സുൽത്താൻബത്തേരിക്കാണ്, ഞാൻ ടിക്കറ്റ് എടുക്കാം."

പെട്ടെന്ന് ഐവാന്റെ കരച്ചിൽ നിന്നു.

ആ അമ്മയ്ക്ക് അവരെ കണ്ടപ്പോൾ എന്തോ സങ്കടം തോന്നി. പാവം കുഞ്ഞുങ്ങൾ, ചേട്ടനും അനുജനും.

"എന്താ നിങ്ങളെ തനിയെ വിട്ടത്?"

"ഇവന് ആ പള്ളിയിൽ പോകണം, അച്ചൻ അങ്കിളിനെ കാണണം എന്നു പറഞ്ഞപ്പോൾ ഞങ്ങളെ വിട്ടതാണ്, വന്ന വണ്ടി ഭക്ഷണം കഴിക്കാൻ ഇറങ്ങിയപ്പോൾ പോയി."

"സാരമില്ല, പോട്ടെ, ഞാൻ ടിക്കറ്റ് എടുക്കാം, അവിടെനിന്നും ഒരു ഓട്ടോയിൽ അമ്പലവയലിനു കയറ്റിവിടാം."

"ബസ്സ് ഒരു അഞ്ചു മിനിറ്റിനകം വരും. അവർ വാച്ചു നോക്കിയിട്ടു പറഞ്ഞു.

"നിങ്ങൾക്കു വിശക്കുന്നുണ്ടോ?"

"കുറച്ച്."

അവർ തന്റെ സഞ്ചിയിൽ നിന്നു രണ്ട് ഓറഞ്ച് എടുത്ത് അവർക്കു കൊടുത്തു.

അതു കഴിക്കാൻ തുടങ്ങിയപ്പോൾ ബസ് വന്നു.

ആ ആന്റി അവർക്കുംകൂടെ ടിക്കറ്റ് എടുത്തു, താൻ ഇരുന്ന സീറ്റിൽ അവരെയും ഇരുത്തി. വണ്ടി വിട്ടതും, ക്ഷീണംകൊണ്ടു രണ്ടാളും ഉറങ്ങാൻ തുടങ്ങി.

ആ സ്ത്രീ മനസ്സിൽ ഓർത്തു: എന്തൊരു അപ്പനും അമ്മയുമാണ് ഇത്രയും ചെറിയ കുട്ടികളെ തനിയെ ദൂരേക്ക് അയയ്ക്കുന്നത്?

*(തുടരും)*




കവിത

■ നിഥിൻകുമാർ ജെ

## മൗനരാഗം



മൗനമായി ഒരു നോട്ടമെറിഞ്ഞാൽ മതി
നിന്റെ മൗനം അത്രമേൽ
അവരെ ചിന്തിപ്പിക്കും.

മൗനമായി
ഒരു പുഞ്ചിരി തൂകിയാൽ മതി
നിന്റെ പുഞ്ചിരി അത്രമേൽ
അവരെ ആനന്ദിപ്പിക്കും.


ഒരു മൗനമയൂഖത്തിന്റെ
ചിറകടിയൊച്ചയിൽ
പൂമലർ വിരിയും

അകന്നുപോയ നാദത്തിൽ
അടർന്നുപോയ തൂവലിൽ
പ്രണയംവിരിഞ്ഞ പൂക്കളിൽ
മൗനശബ്ദമുയരും

കാതുകൾ അറിയാതെ
കണ്ണുകൾ ശബ്ദമറിയും
അവയൊക്കെ ഹൃദയം കവരും.

മൗനം വിളമ്പും ഈ വാചാലദിനങ്ങളിൽ
കൈകൾ കോർത്തുപോയ രണ്ടിലകൾ നാം.

മൗനമായി മധുരമായി
മണ്ണിലലിഞ്ഞു മയങ്ങുമിലകൾ.





സെബാസ്റ്റ്യൻ ചേർപ്പുങ്കൽ

# സ്വാതന്ത്ര്യത്തിന്റെ വിലയറിയാത്തവർ

ബ്രിട്ടീഷാധിപത്യത്തിന്റെ ഇരുളടഞ്ഞ ദിനങ്ങളിൽനിന്ന് 1947 ഓഗസ്റ്റ് 15 ന് ഭാരതം സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി കണ്ടു. ആയിരങ്ങളുടെ ജീവത്യാഗത്തിന്റെയും കഷ്ടപ്പാടുകളുടെയും ഫലമായി ലഭിച്ചതാണ് നമ്മുടെ സ്വാതന്ത്ര്യം. പല രാജ്യങ്ങളും രക്തരൂഷിതയുദ്ധങ്ങളിലൂടെയും അട്ടിമറികളിലൂടെയുമായിരുന്നു അധികാരം പിടിച്ചെടുത്തതെങ്കിൽ, മഹാത്മജിയുടെ നേതൃത്വത്തിൽ അഹിംസാസിദ്ധാന്തത്തിലൂടെയാണു നാം സ്വാതന്ത്ര്യം നേടിയെടുത്തത്. നമ്മുടെ ദേശീയനേതാക്കളുടെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായിരുന്നു അത്. എന്നാൽ, നമ്മൾ നേടിയെടുത്ത ഈ സ്വാതന്ത്ര്യത്തിന്റെ വില ചുരുങ്ങിയ കാലംകൊണ്ട് നാം മറന്നുതുടങ്ങിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ അരങ്ങേറുന്ന സംഭവങ്ങൾ അത്രയേറെ വേദനാജനകമാണല്ലോ. ചരിത്രസത്യങ്ങളെ വളച്ചൊടിച്ചും ഇല്ലാത്തവ കൂട്ടിച്ചേർത്തും അക്രമങ്ങളിലൂടെയും അനീതിയിലൂടെയും രാഷ്ട്രീയനേട്ടങ്ങൾ കൊയ്യുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും ഇന്ന് ഏറിവരുന്നു.

ആധുനികതലമുറ എന്തും ചെയ്യാനുള്ള ലൈസൻസായി സ്വാതന്ത്ര്യത്തെ കാണുന്നു. എന്നാൽ, സ്വാതന്ത്ര്യം തിന്മയെ ഉപേക്ഷിക്കലും നന്മയെ തിരഞ്ഞെടുക്കലുമാണ്. “സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നു മാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സ്നേഹിക്കുവിൻ. എന്തെന്നാൽ, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേയൊരു കല്പനയിൽ നിയമം മുഴുവൻ അടങ്ങിയിരിക്കുന്നു” (ഗലാ. 5:13-14).

സ്വാതന്ത്ര്യം തങ്ങൾക്കു മാത്രം മതി; മറ്റുള്ളവർക്ക് അതിനവകാശമില്ല എന്നു ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണ് ഇന്നു നമ്മുടെ രാജ്യത്തിലെ ചില വർഗീയസംഘടനകളും രാഷ്ട്രീയനേതാക്കളും. അവശരും അശരണരുമായ പാവങ്ങളെ സഹായിക്കാൻ, അവരുടെ കണ്ണീരൊപ്പാൻ എല്ലാമുപേക്ഷിച്ച് സേവനം ചെയ്യുന്ന വൈദികരെയും സന്ന്യസ്തരെയും ആക്രമിക്കുകയും ഇല്ലാതാക്കുകയുമാണ് ഇവരുടെ ലക്ഷ്യം. ഇതാണല്ലോ ഇപ്പോൾ ഝാർഖണ്ഡിലും ഒറീസയിലുമൊക്കെ നടക്കുന്നത്. ‘നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക’ എന്നു തങ്ങളുടെ ഗുരുവും കർത്താവുമായ യേശുവിന്റെ വചനമനുസരിച്ചു മാത്രം പ്രവർത്തിക്കുന്നവരാണവർ. അത് അവരുടെ കടമയായി അവർ കാണുന്നു. അല്ലാതെ, അവർ മനുഷ്യക്കടത്തുകാരോ, മതംമാറ്റക്കാരോ അല്ല. സ്വാതന്ത്ര്യമുള്ളതുകൊണ്ട് നവമാധ്യമങ്ങളിലൂടെ എന്തും പറയാം, ഏതു മ്ലേച്ഛതയും കാണിക്കാമെന്നു കരുതുന്നവർ സാമൂഹികവിരുദ്ധരും മാനവകുലത്തെ വിഷലിപ്തമാക്കുന്നവരുമാണ്.

തിന്മയ്ക്കെതിരേ അതേ ആയുധംകൊണ്ടു പോരാടിയാൽ യഥാർഥവിജയം വരിക്കാൻ കഴിയില്ല. രണ്ടിന്റെയും നാശമായിരിക്കും ഫലം. യേശു പഠിപ്പിച്ചതും അതാണല്ലോ. ലോകപാപങ്ങൾക്കു പരിഹാരമായി സഹനങ്ങളുടെ ദുഃഖവെള്ളിയനുഭവങ്ങൾ എത്രമാത്രം അനുഭവിച്ചാണ് യേശു ഉയിർപ്പുഞായറിന്റെ പൊൻപുലരിയിലേക്കു പ്രവേശിച്ചത്. വി. ബൈബിളിൽനിന്നു നേടിയെടുത്ത ഈ അറിവുകളാകാം സ്വാതന്ത്ര്യസമരരംഗത്ത് മഹാത്മാഗാന്ധി നേതൃത്വം നൽകിയ സഹനസമരങ്ങൾക്ക് അദ്ദേഹത്തിനു പ്രേരണയായത്. കാരണം, നിത്യവും ബൈബിൾ വായിക്കുന്ന പതിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

ഭാരതക്രൈസ്തവരെ സംബന്ധിച്ച് ഓഗസ്റ്റ് 15 പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണദിനംകൂടിയാണ്. മാതാവിന്റെ സ്വർഗാരോപണം നമ്മുടെ ആത്മീയസ്വാതന്ത്ര്യത്തെ ഓർമിപ്പിക്കുന്നു. പാപമാലിന്യമേശാത്തവളായിരുന്നതിനാലാണ് മറിയം ആത്മീയസ്വാതന്ത്ര്യത്തിലേക്കു വിളിക്കപ്പെട്ടത്.

തന്റെ വിശ്വാസത്തിലൂടെയും വിനയത്തിലൂടെയും മറിയത്തെ ദൈവം മഹത്ത്വപ്പെടുത്തി. മാതാവിന്റെ സ്വർഗാരോപണം കത്തോലിക്കാസഭ വിശ്വാസസത്യമായി അംഗീകരിക്കുന്ന ഒരു രഹസ്യമാണ്. ലോകത്തിൽ ജീവിച്ച്, ലോകത്തിന്റെയും പാപത്തിന്റെയും വഴികൾ ഉപേക്ഷിച്ച് സ്വർഗത്തിലേക്കെടുക്കപ്പെട്ട പരിശുദ്ധ അമ്മയെ ദൈവം നമുക്കൊരു മാതൃകയായിത്തന്നു എന്നതാണ് ഈ ദിനത്തിന്റെ മറ്റൊരു പ്രത്യേകത.

മറിയം ദൈവത്തോടു ചേർന്ന് ഈ ഭൂമിയിൽ സഹിച്ച സഹനങ്ങൾക്ക് അവളുടെ ഭൗമികജീവിതത്തിനുശേഷം ദൈവം നല്കുന്ന കിരീടമാണ് അവളുടെ സ്വർഗാരോപണം. നിരന്തരമായ പഠനത്തിനും വിചിന്തനത്തിനുംശേഷം 12-ാം പീയൂസ് മാർപാപ്പാ 1950 ൽ തന്റെ ‘Munificentissimus Deus’ എന്ന തിരുവെഴുത്തിലൂടെ ഈ വിശ്വാസസത്യം ഔദ്യോഗികമായി പ്രഖ്യാപിച്ചു. ‘അമലോദ്ഭവയും ദൈവമാതാവുമായ നിത്യകന്യാമറിയം തന്റെ ഈലോകവാസത്തിനുശേഷം ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗമഹത്ത്വത്തിലേക്ക് എടുക്കപ്പെട്ടു’ എന്നതായിരുന്നു ഇതിന്റെ ഉള്ളടക്കം.

ഭൗമികസ്വാതന്ത്ര്യത്തെക്കാൾ എത്രയോ ഉപരിയാണ് ആത്മീയസ്വാതന്ത്ര്യം. ഇതു മനഃസാക്ഷിയുടെ സ്വാതന്ത്ര്യമാണ്, ദൈവികസ്വാതന്ത്ര്യമാണ്, തിന്മയ്ക്കുമേലുള്ള നന്മയുടെ വിജയമാണ്. ഈ സ്വാതന്ത്ര്യത്തെപ്പറ്റിയാണ് ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്കു കരേറ്റപ്പെട്ട മറിയത്തിനും നമ്മോടു പറയാനുള്ളത്. ■

# അധ്യാപകരോടുള്ള അവഗണന കുട്ടികളോടുള്ള വെല്ലുവിളി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

ഇന്നത്തെ ക്ലാസുമുറികളിലാണ് നാളത്തെ ഭാരതം രൂപംകൊള്ളുന്നതെന്ന ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ യാഥാർഥമാകുമോ എന്ന കാര്യം സംശയമാണ്. കാരണം, ഒരു പറ്റം അധ്യാപകരെ സർക്കാർ അകാരണമായി അവഗണിക്കുന്നുവെന്നാണ് പരാതി. അധ്യാപകരുടെ തൃപ്തിയും സുരക്ഷിതത്വബോധവും വിദ്യാർഥികളുടെ രൂപീകരണത്തിൽ പ്രധാനമാണ്. ഒരു പറ്റം അധ്യാപകർ അവരുടെ കുറ്റംകൊണ്ടല്ലാതെ നിയമനാധികാരം ലഭിക്കാതെയും വേതനം കിട്ടാതെയും വർഷങ്ങളായി കഷ്ടപ്പെടുകയാണ്. എല്ലാ അധ്യാപകരും സമ്പന്നകുടുംബങ്ങളിൽനിന്നുള്ളവരല്ല. കടംവാങ്ങിയും കൂലിവേല ചെയ്തും സ്കൂളിലെത്തുന്നവരുണ്ട്. പ്രതീക്ഷയോടെയാണ് അവർ സ്കൂളിലെത്തുന്നത്. എന്നാൽ, മുടന്തൻന്യായങ്ങൾ ഉന്നയിച്ച് സർക്കാർ അവരുടെ നിയമനാധികാരം അനന്തമായി നീട്ടിക്കൊണ്ടുപോവുകയാണ്. അത് അന്യായവും മനുഷ്യാവകാശലംഘനവുമാണ്.

എയ്ഡഡ്മേഖലയിലെ അധ്യാപകരോടാണു സർക്കാർ ക്രൂരത കാണിക്കുന്നത്. തുല്യയോഗ്യതയോടെ സർക്കാർ സ്കൂളുകളിൽ നിയമിതരാകുന്നവരുടെ നിയമനം അംഗീകരിക്കുകയും താമസംവിനാ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുകയും ചെയ്യുന്നു. അധ്യാപകരെ തമ്മിൽ വേർതിരിക്കുന്നതും വിവേചനയോടെ വർത്തിക്കുന്നതും ഭരണഘടനയുടെ പതിന്നാലാം അനുച്ഛേദത്തിന്റെ നഗ്നമായ ലംഘനമാണ്. നിയമത്തിനു മുമ്പിൽ എല്ലാ പൗരന്മാരും തുല്യരാണെന്ന് ആർട്ടിക്കിൾ പതിന്നാല് വ്യക്തമാക്കുന്നു.

സർക്കാർ നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് എയ്ഡഡ് മേഖലയിൽ അധ്യാപകനിയമനം നടത്തുന്നത്. അധ്യാപകവിദ്യാഭ്യാസയോഗ്യതയ്ക്കു പുറമേ കാലാകാലങ്ങളിൽ സർക്കാർ ആവശ്യപ്പെടുന്ന ഇതരയോഗ്യതകളും നേടിയിട്ടുള്ളവരാണവർ. ദീർഘവർഷങ്ങളിലെ പഠനവും കാത്തിരിപ്പും നടത്തി ജോലി സ്വന്തമാക്കുന്ന അധ്യാപകരുടെ സകലപ്രതീക്ഷയും കാറ്റിൽപറത്തുന്ന സർക്കാർ ഭരണം തുടരുന്നത് അവരുടെ നിസ്സഹായതകൊണ്ടു മാത്രമാണ്.

ഭിന്നശേഷിസംവരണത്തിന്റെ പേരിലാണ് ഇപ്പോൾ നിയമനാംഗീകാരം വൈകിപ്പിക്കുന്നത്. എയ്ഡഡ്മേഖലയിൽപ്പോലും ഭിന്നശേഷിക്കാരെ നിയമിക്കാനുള്ള സമ്മതം മാനേജ്മെന്റ് അറിയിച്ചിട്ടും സർക്കാർ നിയമനം അംഗീകരിക്കാൻ തയ്യാറാകുന്നില്ല. അർഹരായ ഭിന്നശേഷിക്കാരെ നിയമിക്കുന്നതിന് പോസ്റ്റുകൾ മാറ്റി വയ്ക്കാൻ സന്നദ്ധതയുള്ള മാനേജുമെന്റുകളിലെ നിയമനം അംഗീകരിക്കണമെന്നു ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധിയുണ്ടായിട്ടും സർക്കാർ വഴങ്ങാത്തതിന്റെ കാരണം ദുരൂഹമാണ്. എൻ.എസ്.എസ്. മാനേജ്മെന്റ് സുപ്രീം കോടതിയിൽനിന്നു തങ്ങൾക്ക് അനുകൂലമായ വിധി സമ്പാദിച്ചിരുന്നു. അത് എല്ലാ എയ്ഡഡ്സ്ഥാപനങ്ങൾക്കും ബാധകമാണെന്നു കോടതി പറഞ്ഞുവെങ്കിലും കേരള സർക്കാരിന് അതു ബോധ്യമായിട്ടില്ല. ഓരോ മാനേജ്മെന്റുകളും സ്വന്തമായി വിധി നേടണമന്ന ദുർവാശിയാണ് സർക്കാരിന്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമെതിരേ അന്യായവും ഭരണഘടനാവിരുദ്ധവുമായ നിലപാട് സ്വീകരിക്കുന്ന സർക്കാരിനെ ശിക്ഷിക്കുന്നതിന് ജനാധിപത്യപരമായ അവസരം ആസന്നമായ തിരഞ്ഞെടുപ്പുകളിൽ ഉണ്ടാകുമെന്ന ആശ്വാസത്തിലാണ് പീഡിതരായ അധ്യാപകരും അവരെ പിന്തുണയ്ക്കുന്ന പൊതുസമൂഹവും.

വിദ്യാഭ്യാസമേഖലയിലെ മാത്രമല്ല, പൊതുസേവനരംഗത്തെ എല്ലാ വീഴ്ചകൾക്കും സിസ്റ്റത്തിന്റെ തകരാറാണെന്നു പറഞ്ഞു തലയൂരാൻ ശ്രമിക്കുന്ന സർക്കാരാണ് ഇന്നുള്ളത്. മെഡിക്കൽ കോളജുകളിലും വിദ്യാഭ്യാസഓഫീസുകളിലും മാത്രമല്ല, സർക്കാർ സംവിധാനങ്ങളിലെല്ലാം സിസ്റ്റം തകരാറിലാണ്. യഥാർഥ തകരാർ സിസ്റ്റത്തിനില്ല, അതിന്റെ തലപ്പത്തിരിക്കുന്നവർക്കാണെന്ന് ധൈര്യപൂർവം ചൂണ്ടിക്കാട്ടിയ മുൻമന്ത്രി ജി. സുധാകരനോട് പൊതുസമൂഹത്തിന്റെ മതിപ്പു വർധിച്ചിരിക്കുകയാണ്. സിസ്റ്റത്തിന്റെ തകരാറിന് ഇരയായ രണ്ടുപേരിൽ ഒരാൾ അധ്യാപികയും മറ്റേയാൾ അധ്യാപികയുടെ ഭർത്താവുമാണ്. വർഷങ്ങളായി നിയമനാംഗീകാരവും ശമ്പളവും വൈകിയതിന്റെ നിരാശയിൽ ജീവിതം അവസാനിപ്പിച്ച ഹതഭാഗ്യരാണവർ. ആത്മഹത്യ ഒന്നിനും പരിഹാരമല്ലെന്നുപദേശിക്കുമ്പോൾ അതിലേക്കു നയിക്കുന്ന സാഹചര്യങ്ങളെ പഴിക്കാതിരിക്കാനാവില്ല.

മന്ത്രിയും രാഷ്ട്രീയനേതൃത്വവും നിശ്ചയിച്ചാൽ ഓഫീസുകളിൽ കാര്യങ്ങൾ കൃത്യമായി നടക്കണം. അതു നടത്താൻ സാധിക്കാത്ത ഭരണനേതൃത്വം നിസ്സഹായത ഏറ്റുപറഞ്ഞ് ഇറങ്ങിപ്പോകണം. മുഖ്യമന്ത്രിയുടെ മൂക്കിനു താഴെ സെക്രട്ടേറിയറ്റിൽ മൂന്നരലക്ഷം ഫയലുകൾ കുന്നുകൂടിക്കിടക്കുന്നു. ■

# വാർധക്യം വിരുന്നു വിളിക്കുമ്പോൾ



പ്രൊഫ. റോസലിന്റ് ജോർജ്

സർവീസിൽനിന്നു വിരമിച്ച പൊലീസ് കമ്മീഷണർക്ക് നടക്കാൻ പോകുമ്പോഴോ, പാർക്കിൽ സമയം ചെലവഴിക്കുമ്പോഴോ കൂട്ടിനാരുമുണ്ടായിരുന്നില്ല. തനിക്കൊപ്പമിരിക്കാൻ, കൂടെ നടക്കാൻ യോഗ്യതയുള്ളവർ ആരാണുള്ളത് എന്ന ഗർവിൽ കൂട്ടുകാരെ സംഘടിപ്പിക്കുവാൻ താത്പര്യവുമുണ്ടായിരുന്നില്ല. ഏകനായി, ശൂന്യാകാശത്തേക്കു കണ്ണുംനട്ടിരിക്കുന്ന, ആൾക്കൂട്ടത്തിനുനടുവിൽ ഏകനായി ഇരിക്കുന്ന ആ പൊലീസ് ഓഫീസറുടെ അടുത്തേക്ക് ഒരുദിനം ഒരാൾ കടന്നുവന്നു: അങ്ങാരാണ്? കുറച്ചുദിവസങ്ങളായി ഇവിടെ കാണുന്നുണ്ടല്ലോ? അപരിചിതനെ തെല്ലു പുച്ഛത്തോടെ നോക്കി അയാൾ പറഞ്ഞു: ഞാൻ റിട്ടയേർഡ് പൊലീസ് കമ്മീഷണർ, ദീർഘകാലം സർവീസിലായിരുന്നു; എനിക്കു സംസ്ഥാനഗവൺമെന്റിന്റെ അവാർഡ് കിട്ടിയിട്ടുണ്ട്. നിരവധി പുരസ്കാരങ്ങളും... തന്നെപ്പറ്റിയും തന്റെ നേട്ടങ്ങളെപ്പറ്റിയും ഏറെ വർണിച്ചുപറഞ്ഞെങ്കിലും അപരിചിതൻ ആരാണെന്നുപോലും ചോദിക്കുവാൻ കമ്മീഷണർ മിനക്കെട്ടില്ല.

പാർക്കിലെ നിറഞ്ഞ ആൾക്കൂട്ടത്തെയും സന്തോഷാരാവങ്ങളെയും നോക്കി അപരിചിതൻ കമ്മീഷണറോടായി പറഞ്ഞു: നോക്കൂ നമ്മുടെ തൊട്ടപ്പുറത്തെ ബഞ്ചിലിരിക്കുന്നത് ആരാണെന്നറിയുമോ? ഐ.എസ്.ആർ.ഒ. യുടെ തലപ്പത്തിരുന്ന ആൾ. ചുറ്റുമിരിക്കുന്നത് അന്വേഷണകുതുകികളായ ശാസ്ത്രവിദ്യാർഥികളാണ്. ആ കോണിലെ ബഞ്ചിലിരിക്കുന്ന ആളെ അറിയുമോ? സുപ്രീം കോടതി ജഡ്ജിയായി വിരമിച്ചയാളാണ്. അദ്ദേഹം തമാശ പറഞ്ഞുല്ലസിക്കുന്നത് അദ്ദേഹമുൾപ്പെട്ട റസിഡന്റ്സ് അസോസിയേഷനിലെ വൃദ്ധദമ്പതിമാരോടാണ്. നമ്മുടെ പിമ്പിൽ കാണുന്ന ചാരുബഞ്ചിലിരുന്ന് സൊറ പറയുന്നത് രണ്ടുപ്രാവശ്യം ഇന്ത്യയിലെ അമേരിക്കൻ അംബാസിഡറായിരുന്ന ഒരു മഹത്‌വ്യക്തിയാണ്. അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നത് സാധാരണക്കാരായ കൃഷിക്കാരോടും സ്വന്തമായി തൊഴിൽ കണ്ടെത്തി ജീവിച്ചുകൊണ്ടിരിക്കുന്നവരോടുമാണ്.

ഇത്രയും കേട്ടപ്പോൾ അപരിചിതനോടായി പൊലീസ് കമ്മീഷണർ ചോദിച്ചു: താങ്കളാരാണ്?

ഞാനോ? ഒരു എളിയ ജനസേവകൻ. റിട്ടയേർഡ് ഐ.എ.എസ്. ഓഫീസർ. ഐ.എ.എസ്. കിട്ടി ആദ്യം സബ്കളക്ടറായിട്ടാണ് ജോലി നോക്കിയത്. ചീഫ് സെക്രട്ടറിയായി വിരമിച്ചു. സർവീസ് കാലത്ത് ഒരുപാട് നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. എങ്കിലും പോരായ്മകളും ഉണ്ടായിട്ടുണ്ട്. നമ്മൾ നല്ലതെന്നുദ്ദേശിച്ചു നടപ്പാക്കിയ പല പരിപാടികളും ജനം ഉൾക്കൊള്ളാതെ വന്നിട്ടുണ്ട്. സാരമില്ല; നല്ല ഉദ്ദേശ്യത്തോടെയാആണ് ഞാൻ എന്തും ചെയ്യാൻ ശ്രമിച്ചത്. ദൈവത്തെ മറന്ന് ഞാനൊന്നും ചെയ്തിട്ടില്ല. അതല്ലേ ഏറ്റവും വലിയ സമ്പത്ത്.

തന്റെ അടുത്തിരിക്കുന്നത് തന്നെക്കാൾ വളരെ ഉയർന്ന പൊസിഷനിലുള്ള ചീഫ് സെക്രട്ടറിപദം അലങ്കരിച്ച ആളാണെന്നറിഞ്ഞപ്പോൾ പൊലീസ് കമ്മീഷണർ എഴുന്നേല്ക്കാൻ ഒരുമ്പെട്ടു. വേണ്ട ചങ്ങാതീ; ഒരു ഔപചാരികതയുടെയും ആവശ്യമില്ല. ജീവിതം ഒരു ചെസ്കളിപോലെയാണ്. ചെസ്മത്സരം നടക്കുമ്പോൾ ആ കളിക്കളത്തിൽ രാജാവും മന്ത്രിയും ബിഷപ്പും സാദാ പട്ടാളക്കാരും കുതിരയുമൊക്കെയുണ്ടാവും. എന്നാൽ, ചെസ്കളി കഴിയുമ്പോൾ എല്ലാവരും മടങ്ങുന്നത് ഒരേ പെട്ടിയിലേക്കാണ്. വലിയവനെന്നോ ചെറിയവനെന്നോ അവിടെ വ്യത്യാസമില്ല. നമ്മൾ സർവീസിൽനിന്നു വിരമിച്ചാൽ അങ്ങനെയാണ്. നമ്മൾ പണ്ടുകൊണ്ടുനടന്ന സ്ഥാനവും പദവിയും കൊണ്ടല്ല നമ്മളെ നിർവചിക്കേണ്ടത്; നമുക്കു ലഭിച്ച അറിവും അനുഭവജ്ഞാനവും വരും തലമുറയ്ക്കും നമുക്കു ചുറ്റുമുള്ളവർക്കും പങ്കുവച്ചുകൊണ്ടാണ്. നമ്മൾ അധികകാലം ഈ ഭൂമിയിൽ ഉണ്ടാകണമെന്നില്ല. ഈ അവസരം ഏറ്റവും നന്നായി ഉപയോഗിക്കുക. ചുറ്റുമുള്ളവർക്കു സമാധാനവും സന്തോഷവും കൊടുക്കുക. നമ്മളും ആനന്ദിക്കുക. സമചിത്തതയോടെ വാർധക്യത്തെ നേരിടുക. എന്തെല്ലാം പുരസ്കാരങ്ങളും സർട്ടിഫിക്കറ്റ്സും നമ്മളൊക്കെ നേടിയിട്ടുണ്ടെങ്കിലും അവസാനം ഈ പാർക്കിലുള്ള എല്ലാവർക്കും കിട്ടുന്നത് ഒരേ സർട്ടിഫിക്കറ്റാണ്: മരണസർട്ടിഫിക്കറ്റ്.

മരണം എന്നു പറയുന്നത് ഏതു പ്രായത്തിലും കടന്നുവരാവുന്ന ഒരു യാഥാർഥ്യമാണ്. അതുകൊണ്ടുതന്നെ ആയുസ്സെത്തി മരിക്കുക എന്നുള്ളതാണ് വാർധക്യത്തിന്റെ ഏറ്റവും വലിയ മഹത്ത്വം. വില്യം ബാർക്ലെ നമ്മെ ഓർമിപ്പിക്കുന്ന ഒരു കാര്യമുണ്ട്. ഒരു വ്യക്തിയുടെ ജീവിതത്തിൽ രണ്ടു പ്രധാനപ്പെട്ട ദിവസങ്ങളാണുള്ളത്. ആദ്യത്തേത് ഒരാളുടെ ജന്മദിനം. രണ്ടാമത്തേത്, താനെന്തിനാണു ജനിച്ചത് എന്നു തിരിച്ചറിയുന്ന ദിനം. നന്നേ ചെറുപ്പത്തിലോ, യൗവനത്തിലോ മരിച്ചുപോകുന്ന ഒരാൾക്ക് തന്റെ കർമോദ്ദേശ്യം പൂർത്തീകരിക്കുവാൻ കഴിഞ്ഞുവെന്നു വരില്ല.


എല്ലാ ജന്മദിനങ്ങളും നാം ഓർക്കാറുണ്ടെങ്കിലും പ്രായത്തെ ഓർമപ്പെടുത്തുന്ന ചില ജന്മാഘോഷങ്ങളാണ് ഷഷ്ടിപൂർത്തി, സപ്തതി, നവതി തുടങ്ങിയവ. 60 കഴിയുമ്പോൾ മക്കളുടെയും സമൂഹത്തിന്റെയും അകൽച്ചയുടെ സൂക്ഷ്മത മനസ്സിലാക്കാനാവും. തങ്ങളുടെ അഭിപ്രായങ്ങൾക്കു പണ്ടത്തേതുപോലെ സ്വീകാര്യത ഇല്ല എന്നൊരു തോന്നൽ. 70 കൾ സമൂഹം നമ്മെ പാടേ മറക്കുന്ന നാളുകളാണ്. നമ്മൾ എവിടെയായിരുന്നു, ആരായാരുന്നു, എന്തൊക്കെ നേടി, ഇതൊന്നും സമൂഹം അറിയാത്ത അവസ്ഥ. പുതിയ



തലമുറയ്ക്കു പരിചയമില്ലാത്ത ഒരാൾ. 80 കളിൽ ഒപ്പമുണ്ടായിരുന്നവർ അകന്നുപോകും. ഏറ്റവും പ്രിയപ്പെട്ടവരെ മരണം അപഹരിച്ചിരിക്കാം. മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കേണ്ട കാലം. 90 വരെ ജീവിച്ചിരുന്നാൽ അവസാന അധ്യായത്തിലേക്കു കടന്നു എന്നു നിശ്ചയം. ഒരുപക്ഷേ, മറ്റുള്ളവരെ പൂർണമായും ആശ്രയിക്കേണ്ട കാലം. ഓരോ കാലഘട്ടം കഴിയുമ്പോഴും നാം തളരാൻ പാടില്ല. ദൈവത്തോടു കൃതജ്ഞതയുള്ളവരായിരിക്കുക. പ്രായം നമ്മെ തളർത്താൻ പാടില്ല. നമ്മുടെ മനോഭാവത്തിലാണ് മാറ്റം വരേണ്ടത്. ചിന്തയിൽ നീയെന്താണോ അതാണ് നിന്റെ പ്രായം. ഏറ്റവും ചെറിയ കാര്യങ്ങളിലും സന്തോഷം കണ്ടെത്താൻ ശ്രമിക്കുക. വയസ്സാകുന്നതിനെ ഓർത്ത് ദുഃഖിക്കാതിരിക്കുക. നെഗറ്റീവുചിന്തകളിലേക്കു വീഴാതെ നമ്മളെ കാത്തുസൂക്ഷിക്കുക. സൗന്ദര്യം ഏതു പ്രായത്തിലുമുണ്ട്. ഉദയസൂര്യനെപ്പോലെതന്നെ സുന്ദരമാണ് അസ്തമയവും. എന്നാൽ, എല്ലാവരും വണങ്ങുന്നത് ഉദയസൂര്യനെയാണ്. അത് ഉയർന്നുവരികയാണ്. അസ്തമയസൂര്യൻ താണുതാണ് പ്രകൃതിയിലേക്ക് അലിഞ്ഞുചേരുന്നു. ഒരിക്കൽ നമ്മളും ഉദയസൂര്യനായിരുന്നു എന്ന് സംതൃപ്തിയോടെ ഓർക്കുക. ഒരുപക്ഷേ, വാർധക്യം ഒരു തിരിഞ്ഞുനോട്ടത്തിന്റെ കാലം കൂടെയാണ്. ഇങ്ങനെ ആയിരുന്നോ ജീവിക്കേണ്ടിയിരുന്നത്; എന്തെല്ലാം കുറ്റങ്ങളും കുറവുകളും തനിക്കുണ്ടായിരുന്നു; എന്നൊക്കെ മനസ്സിലാക്കുന്ന നാളുകൾ. അവശേഷിക്കുന്ന നാളുകൾ ഫലപ്രദമായി ഉപയോഗിക്കുക. പോസിറ്റീവായ ചിന്തകളും ആത്മീയതയും ഇതിനു തുണയാകും. ധ്യാനം, ആരോഗ്യകരമായ ഭക്ഷണം, എക്സർസൈസ്, ഉല്ലാസകേന്ദ്രങ്ങളിലേക്കുള്ള യാത്രകൾ, ബന്ധങ്ങൾ, കൂട്ടായ്മകൾ ഇവയൊക്കെ ശരീരത്തിനും മനസ്സിനും കരുത്തേകും.

വാർധക്യത്തിൽ മക്കളിൽനിന്നും സമൂഹത്തിൽനിന്നുമൊക്കെ നാം അധികം പ്രതീക്ഷിക്കരുത്. മക്കളെ വളർത്തിയത് നമ്മെ നോക്കാൻവേണ്ടിയാവരുത്. വളർത്തിയതിന്റെ പ്രതിഫലം നമുക്കു കിട്ടിക്കഴിഞ്ഞു. ഒത്തിരി ആനന്ദത്തോടെയാണ് പിള്ളക്കച്ചയിൽ പൊതിഞ്ഞ നമ്മുടെ കുഞ്ഞിനെ നാം വരവേറ്റത്. ആദ്യമായി അവൻ ചിരിച്ചപ്പോൾ, അവളുടെ കൊലുസിന്റെ കൊഞ്ചലുകൾ ചെവിയിലെത്തിയപ്പോൾ, കളിപ്പാട്ടം കിട്ടിയപ്പോൾ നമ്മെ ഇറുക്കിപ്പിടിച്ച് ഉമ്മ വച്ചപ്പോൾ, കൈപിടിച്ച് അഹങ്കാരത്തോടെ സ്കൂളിലേക്കൊപ്പം നടന്നപ്പോൾ മനസ്സു നിറഞ്ഞ ആ സന്തോഷമാണ് ഏറ്റവും വലിയ പ്രതിഫലം. മക്കളെ വളർത്തിയതിന്റെ കടം, അവരുടെ മക്കളെ വളർത്തി അവർ വീട്ടിക്കൊള്ളും. പ്രായപൂർത്തിയായി, കുടുംബമായി ജീവിക്കുന്ന മക്കളുടെ കാര്യത്തിൽ നാം ഇടപെടേണ്ടതില്ല. വാർധക്യത്തിലെ ചെലവുകൾ മുൻകൂട്ടിക്കണ്ട് മക്കളാണെങ്കിലും അധികമായി നമ്മളെ ചൂഷണം ചെയ്യാൻ അനുവദിക്കാതിരിക്കുക. കാലശേഷം നമ്മുടെ സമ്പത്ത് വിതരണം ചെയ്യാനുണ്ടെങ്കിൽ നീതിപൂർവം മക്കൾക്കു പങ്കിട്ടുകൊടുക്കുക. ജീവകാരുണ്യ പ്രവൃത്തികൾക്കായും ഒരു ഭാഗം നീക്കിവയ്ക്കുക. നമ്മൾ വളർത്തിയ മക്കളിൽ നാം സ്നേഹം നിക്ഷേപിച്ചിട്ടുണ്ട്. ശ്രേഷ്ഠമായ ഒരു ജീവിതം നയിക്കാൻ അവർക്കതു പ്രേരകമാകും. വാർധക്യത്തിൽ നമുക്കും അതിന്റെ ഗുണം കിട്ടാതിരിക്കില്ല. എല്ലാവരോടും സ്നേഹത്തോടെ, പകയില്ലാതെ, ക്ഷമയോടെ, സമചിത്തതയോടെ, സംയമനത്തോടെ, നന്ദിനിറഞ്ഞ മനസ്സോടെ ആത്മീയനിറവിൽ വാർധക്യത്തെ നേരിടുമ്പോൾ അത് മഹത്ത്വമുള്ളതായി മാറും.

■



## മിഴിയിതൾപ്പൂക്കൾ

*10-ാം പേജ് തുടർച്ച*

''അങ്ങോട്ടു വച്ചേക്ക്.'' മാത്തുക്കുട്ടി ടീപ്പോയി ചൂണ്ടി പറഞ്ഞു.

"എന്താ അച്ചായാ? മുഖമാകെ വിയർത്തൊഴുകുന്നല്ലോ."

"ങ്ഹേ! ഒന്നുമില്ല. അല്ല... ഒരുത്തി കൈഞരമ്പു മുറിച്ച് തന്നത്താൻ ചത്തതിന് ഒന്നുമറിയാത്ത എന്നെ കുറ്റക്കാരനാക്കാനാ പത്രക്കാരൊക്കെക്കൂടെ നോക്കുന്നത്." മാത്തുക്കുട്ടി പറഞ്ഞു.

"അത്... ഇന്നലെ ടീവീല് ആ മരിച്ചടക്കു കണ്ടോണ്ട് തിന്നു കുടിക്കുന്നത് ചാനലിലൊക്കെ വന്നെന്നു കേട്ടു. അതൊക്കെക്കൊണ്ടായിരിക്കും? ഒന്നിച്ചു കുടിച്ചോര് ചതിച്ചതാ. വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു കൂട്ടുകാരനുമില്ല അച്ചായന്."

"ചതിയാണെന്നെനിക്കു മനസ്സിലായി. ആളെ പിടികിട്ടുകേം ചെയ്തു. വിടുകേല ഞാൻ. പണികൊടുക്കും." മാത്തുക്കുട്ടി കഠിനരോഷത്തോടെ പല്ലു കടിച്ചു.

"നമ്മുടെ മകന്റെയവസ്ഥയെക്കുറിച്ച് അച്ചായൻ എന്തെങ്കിലും ചിന്തിച്ചോ?"

"പുകഞ്ഞ കൊള്ളിയല്ലേ? അതു പുറത്തുതന്നെ."

"അങ്ങനെ പറയല്ലേ? ഒന്നല്ലേയുള്ളൂ. ആപത്തിൽപെട്ടിരിക്കുകാ അവൻ. ഒരു പെണ്ണായ എനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിവുണ്ടോ?"

"മേരിക്കുട്ടീ, എന്റെ ഭാഗത്ത് എന്തു തെറ്റാ ഉള്ളത്? ഒരു കൂലിപ്പണിക്കാരന്റെ മകളെ അവനിഷ്ടമാ, കെട്ടണോന്നു പറഞ്ഞാലും സമ്മതിക്കുമായിരുന്നില്ലേ? ഇത് മുഴുവട്ടന്റെ മകളെ കെട്ടണോന്നു വാശിപിടിച്ചപ്പം ഞാനെതിർത്തു. എന്റെ കുടുംബത്തിൽ ഭ്രാന്തുള്ളോരുണ്ടാകാതിരിക്കാനാ."

മേരിക്കുട്ടി നിശ്ശബ്ദയായി നിന്നതേയുള്ളൂ.

അപ്പോൾ മാത്തുക്കുട്ടിയുടെ മൊബൈൽ ഫോൺ ശബ്ദിച്ചു. അയാൾ ഉത്കണ്ഠയോടെ അതെടുത്തു.

"ഹലോ... ആരാ വിളിക്കുന്നെ?"

''സ്റ്റേഷനീന്നു സർക്കിൾ ഇൻസ്പെക്ടറാ. മേടയ്ക്കൽ മാത്തുക്കുട്ടിയല്ലേ എടുത്തിരിക്കുന്നെ."

"അതെ. എന്താ കാര്യം?"

"നാളെ പതിനൊന്നു മണിക്ക് സ്റ്റേഷനിൽവന്ന് എന്നെ കാണണം. ജീനാ ജോസിന്റെ മരണവുമായി ബന്ധപ്പെട്ട് താങ്കൾക്കെതിരെ പരാതി കിട്ടിയിട്ടുണ്ട്."

"വരാം."

കോൾ കട്ടായി. മാത്തുക്കുട്ടിയുടെ ഭാവമാറ്റം കണ്ട് ഭയന്ന് മേരിക്കുട്ടി മടങ്ങിപ്പോയി. ചായ ടീപ്പോയിലിരുന്നു തണുത്തു.

(തുടരും)

Deepanalam Weekly
RNI No : 16998/68
Vol. 58 No. 24 Date of Publication 14 August 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org